**തുഞ്ചത്തെഴുത്തച്ഛൻ**
**മലയാളസർവകലാശാല**

<u>സംഗ്രഹം</u>

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല - പിഎച്ച്.ഡി ചട്ടങ്ങളും നിബന്ധനകളും - 2025 -അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

<u>ഭരണ (സി) വിഭാഗം</u>

നമ്പർ: 2837/എ4/2019/അക്കാദമികം — തീയതി : 01.09.2026

---

പരാമർശം: 1. 15.02.2025 ന് നടന്ന ഗവേഷണസഭയുടെ 2025.01 ഇനം നമ്പർ തീരുമാനം
2. 24.04.2026 ന് നടന്ന ഗവേഷണസഭയുടെ 2026.02 ഇനം നമ്പർ തീരുമാനം

യു.ജി.സി റഗുലേഷൻ 2022 ലെ നിബന്ധനകൾ കൂടി പരിഗണിച്ച് നിലവിലുള്ള ഗവേഷണചട്ടത്തിൽ (2022) ചില മാറ്റങ്ങളും ഉൾച്ചേർക്കലുകളും വരുത്തുന്നതിനായി,നിർവ്വാഹക സമിതിയുടെ നിർദ്ദേശപ്രകാരം,റിസർച്ച് ഡയറക്ടർ ഡോ കെ. എം അനിലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സമിതി, സമർപ്പിച്ച ഗവേഷണച്ചട്ടം 2025 ന്റെ കരട് ഗവേഷണ സഭയുടെ പതിനെട്ടാമത് യോഗം,പരാമർശം (1) പ്രകാരം അംഗീകരിക്കുകയും (അജണ്ട ഇനം നം. 2025.01),ചട്ടവുമായി ബന്ധപ്പെട്ട് അധ്യാപകരും ഗവേഷകരും സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ചട്ടത്തിന് അന്തിമ രൂപം നല്കുന്നതിന് റിസർച്ച് ഡയറക്ടറേയും വൈസ് ചാൻസലറേയും ചുമതലപ്പെടുത്തുകയും ഉണ്ടായി.

2. ആയതിനനുസൃതമായി, തയ്യാറാക്കിയ കരട് "തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല പിഎച്ച്. ഡി ചട്ടങ്ങളും നിബന്ധനകളും -2025" ഗവേഷണസഭയുടെ പത്തൊൻപതാമത് യോഗം പരാമർശം (2) പ്രകാരം അംഗീകരിക്കുകയും (അജണ്ട ഇനം നം. 2026.02), ആവിശ്യമായ ഭേദഗതികൾ വരുത്തുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തു.

3. ഗവേഷണചട്ടം പരിഷ്കരണവുമായി ബന്ധപ്പെട്ട് ലഭിച്ച പുതിയ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് തയ്യാറാക്കിയ ഗവേഷണ ചട്ടം 2025 ന്റെ അന്തിമ കരടിന് വൈസ് ചാൻസലർ അംഗീകാരം നൽകുകയുണ്ടായി.

4. 2026 അദ്ധ്യായന വർഷം മുതൽ പ്രവേശനം നേടുന്നവർ ഈ ചട്ടത്തിന്റെ പരിധിയിൽ ഉൾപ്പെടും. ഈ ചട്ടം നിലവിൽ വന്ന തീയതി മുതൽ പ്രബന്ധ സമർപ്പണം നടത്തുന്നവർക്ക് , പ്രവേശനം / രജിസ്ട്രേഷൻ വ്യവസ്ഥകൾ ഒഴികെ ചട്ടത്തിലെ മറ്റ് നിബന്ധനകൾ ബാധകമായിരിക്കും.

5. മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു. ഗവേഷണ ചട്ടം അനുബന്ധം ചെയ്യുന്നു.

(ഒപ്പ്)

**രജിസ്ട്രാർ ഇൻ ചാർജ്ജ്**

1. എല്ലാ സ്കൂൾ ഡയറക്ടർമാരും

പകർപ്പ്: വി. സി. കാര്യാലയം/ രജിസ്ട്രാറുടെ പി എ/ ഫിനാൻസ് വിഭാഗം / ഭരണ (എഫ്) വിഭാഗം / ഐ ക്യു എ സി / ആഫീസ് രേഖ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

വാക്കാട്, തിരൂർ, മലപ്പുറം, പിൻ-676 502
ഫോൺ : 0494 2631230


# തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല പിഎച്ച്. ഡി. ചട്ടങ്ങളും നിബന്ധനകളും – 2025

*<u>(2026 പ്രവേശനം മുതല് പ്രാബല്യം)</u>*

## ആമുഖം:

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലാ നിയമം 2013 - ന്റെ 49 - ആം വകുപ്പ്, (എ) & (ബി) പ്രകാരം 05-12-2015 - ൽ, 002/2015-ാം നമ്പറായി സർവ്വകലാശാല പുറപ്പെടുവിച്ച എം.ഫിൽ/പി.എച്ച്.ഡി റഗുലേഷൻസ്, 2016 ജൂലൈ 5-ന് നമ്പർ F.1-2/2009 (EC/PS)V(1) Vol. II പ്രകാരം, അസാധാരണ വിജ്ഞാപനമായി ഇന്ത്യാ ഗസറ്റ് നം. 278, പാർട്ട് III - സെക്ഷൻ 4 - ൽ പ്രസിദ്ധീകരിച്ച യു.ജി.സി.യുടെ എം.ഫിൽ/പിഎച്ച്.ഡി. റഗുലേഷൻസ് 2016, 2018 ഒക്ടോബർ 16 - ലെ രണ്ടാം ഭേദഗതി എന്നിവ പ്രകാരം, 2018 ഒക്ടോബർ 16 - ലെ പത്താമതു ഗവേഷണസഭാ തീരുമാന പ്രകാരം നിയോഗിക്കപ്പെട്ട, രജിസ്ട്രാർ ഇൻ ചാർജ് കൺവീനറും രണ്ട് അംഗങ്ങളും ചേർന്ന ഉപസമിതി ഗവേഷണചട്ടങ്ങൾ തയ്യാറാക്കി. 2018 നവംബർ 26, ഡിസംബർ 15 തീയതികളിൽ ചേർന്ന ഗവേഷണ കൗൺസിൽ പ്രസ്തുത ചട്ടങ്ങൾക്ക് അംഗീകാരം നൽകി.

പിഎച്ച്.ഡി. പ്രോഗ്രാമിന്റെ കാലാവധിയുമായി ബന്ധപ്പെട്ട ചട്ടങ്ങളിലെ ചില വ്യവസ്ഥകളിലും ഗവേഷകരുടെ അവധി, ഫീസ് എന്നിവ സംബന്ധിച്ച നിബന്ധനകളിലും വ്യക്തത വരുത്തുന്നതിനായി ഗവേഷണ ചട്ടത്തിൽ ചില തിരുത്തലുകൾ/ഭേദഗതികൾ വരുത്തണമെന്ന നിർദ്ദേശം 23.09.2019 - ന് ചേർന്ന ഗവേഷണസഭ പരിശോധിക്കുകയും ഭേദഗതികൾ അംഗീകരിക്കുകയും ചെയ്തു. 27.09.2019 - ന് ചേർന്ന നിർവ്വാഹക സമിതി 8/42, 33/42 നമ്പർ ഇന പ്രകാരം, ഗവേഷണസഭയുടെ തീരുമാനങ്ങൾക്ക് അംഗീകാരം നൽകി.

നിലവിലുള്ള ഗവേഷണ ചട്ടത്തിൽ (2019) കാലോചിതമായ ചില മാറ്റങ്ങളും ഉൾച്ചേർക്കലുകളും വരുത്തുന്നതിനായി അധ്യാപകരും ഗവേഷകരും ഏതാനും നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുകയുണ്ടായി. 04.03.2022 - ന് ചേർന്ന ഗവേഷണ സഭ, 2019 - ലെ ഗവേഷണ ചട്ടത്തിൽ തിരുത്തലുകൾ/മാറ്റങ്ങൾ വരുത്തി തയ്യാറാക്കിയ 2022 - ലെ കരട് ഗവേഷണ ചട്ടത്തിന് അന്തിമരൂപം നൽകുന്നതിന് വൈസ് ചാൻസലർ, ഡോ.കെ.എം. അനിൽ, ഡോ.കെ.എം. ഭരതൻ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി. 07.03.2022 - ന് ചേർന്ന പണ്ഡിത സഭയും 08.03.2022 - ന് ചേർന്ന നിർവ്വാഹക സമിതിയും പ്രസ്തുത തീരുമാനത്തിന് അംഗീകാരം നൽകുകയുണ്ടായി.

സമിതിയുടെ നിർദ്ദേശങ്ങൾ 28.05.2022 - ന് ചേർന്ന നിർവ്വാഹക സമിതി പരിഗണിക്കുകയും കരട് ഗവേഷണചട്ടം 2022 - ന് ലഭിച്ച അഭിപ്രായങ്ങളും പുതിയ നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് ചട്ടത്തിന് അന്തിമരൂപം നൽകുന്നതിന് ഡോ. സി. രാജേന്ദ്രൻ, ഡോ. ലിസി മാത്യു, ഡോ. കെ.എം. അനിൽ എന്നിവരടങ്ങിയ സമിതിയെ നിയോഗിക്കുവാനും, സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവേഷണചട്ടം 2022 - ന് അംഗീകാരം നൽകുന്നതിന് വൈസ് ചാൻസലറെ അധികാരപ്പെടുത്തുവാനും തീരുമാനിച്ചു. സമിതിയുടെ

തീരുമാനങ്ങൾ കൂടി പരിഗണിച്ച്, സർവകലാശാല 'ഗവേഷണചട്ടം 2022' - ന്, 12.07.2022 - ന് വൈസ് ചാൻസലർ അംഗീകാരം നൽകുകയുണ്ടായി.

29.07.2022 - ന് ചേർന്ന നിർവ്വാഹക സമിതി യോഗം 2022.89 ഇനം നമ്പർ തീരുമാന പ്രകാരം ഗവേഷണചട്ടം 2022 - ന് അംഗീകാരം നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുകയും ചട്ടത്തിൽ ഏതാനും ചില കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നിർദ്ദേശിക്കുകയും ചെയ്തു. 05.09.2022-ലെ നിർവ്വാഹക സമിതി തീരുമാനം 2837/എ4/2019/അക്കാദമികം നമ്പർ ഉത്തരവ് പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കുകയുണ്ടായി.

യു.ജി.സി. റഗുലേഷൻ 2022 - ലെ നിബന്ധനകൾ കൂടി പരിഗണിച്ച് നിലവിലുള്ള ഗവേഷണചട്ടത്തിൽ (2022) ചില മാറ്റങ്ങളും ഉൾച്ചേർക്കലുകളും വരുത്തുന്നതിനായി, നിർവ്വാഹക സമിതിയുടെ നിർദ്ദേശ പ്രകാരം, റിസർച്ച് ഡയറക്ടർ ഡോ. കെ.എം. അനിലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സമിതി, ഗവേഷണ ചട്ടം 2025 – ന്റെ കരട് പരിഗണിച്ച ഗവേഷണ സഭയുടെ 18-മത് യോഗം, ആയത് അംഗീകരിക്കുകയും (അജണ്ട ഇനം നം. 2025.01), ചട്ടവുമായി ബന്ധപ്പെട്ട് അധ്യാപകരും ഗവേഷകരും സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ചട്ടത്തിന് അന്തിമ രൂപം നൽകുന്നതിന് റിസർച്ച് ഡയറക്ടറേയും വൈസ് ചാൻസലറേയും ചുമതലപ്പെടുത്തുകയുണ്ടായി.

ആയതിനനുസൃതമായി, ഭേദഗതികൾ വരുത്തിയ കരട്, **"തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല പിഎച്ച്. ഡി. ചട്ടങ്ങളും നിബന്ധനകളും - 2025"**, ഗവേഷണ സഭയുടെ 19-മത് യോഗം, ആയത് അംഗീകരിക്കുകയും (അജണ്ട ഇനം നം. 2026.02), ഗവേഷണചട്ടത്തിന്റെ പൂർണ്ണരൂപം പരിശോധിച്ച് ചട്ടത്തിന് അംഗീകാരം നൽകുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തു.

## 1. പേര്, അപേക്ഷ, പ്രവേശന വിജ്ഞാപനം

1.1 **തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല പിഎച്ച്. ഡി. ചട്ടങ്ങളും നിബന്ധനകളും – 2025** എന്ന് ഇതറിയപ്പെടും.

1.2 **മലയാള സർവ്വകലാശാലയുടെ 2026 വർഷം മുതലുള്ള പിഎച്ച്.ഡി. പ്രവേശനം, ഈ ചട്ടങ്ങൾക്കു വിധേയമായിരിക്കും.**

1.3 **2026 അദ്ധ്യയന വർഷം മുതൽ** പ്രവേശനം നേടുന്നവർ ഈ ചട്ടത്തിന്റെ പരിധിയിലുൾപ്പെടും. ഈ ചട്ടം നിലവിൽ വന്ന തിയ്യതി മുതൽ പ്രബന്ധ സമർപ്പണം നടത്തുന്നവർക്ക് ,പ്രവേശനം /രജിസ്ട്രേഷൻ വ്യവസ്ഥകൾ ഒഴികെ ചട്ടത്തിലെ മറ്റ് നിബന്ധനകൾ ബാധകമായിരിക്കും.

1.4 യു.ജി.സി. റഗുലേഷൻസ്-2018 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പിഎച്ച്.ഡി ബിരുദം നൽകുന്നത്. (മിനിമം സ്റ്റാൻഡേർഡ്സ് ആന്റ് പ്രൊസീജിയർ ഫോർ അവാർഡ് ഓഫ് പിഎച്ച്.ഡി ഡിഗ്രീസ്, യു.ജി.സി. റഗുലേഷൻസ് 2016, രണ്ടാം ഭേദഗതി, യു.ജി.സി. റഗുലേഷൻസ് 2018). അതതു കാലഘട്ടങ്ങളിലെ യു.ജി.സി. നിബന്ധനകളും പാലിക്കപ്പെടും.

1.5 എല്ലാ വർഷവും പിഎച്ച്.ഡി പ്രോഗ്രാമുകളിലേക്ക് പ്രവേശനം നടത്തേണ്ടതാണ്. അംഗീകൃത ഗവേഷണ മാർഗദർശികളുടെ ലഭ്യത, ഒരു പ്രത്യേക ഗവേഷണ മേഖലയിൽ മാർഗനിർദ്ദേശം നൽകാനുള്ള അവരുടെ സന്നദ്ധത, സീറ്റുകളുടെ ഒഴിവ് എന്നിവ പ്രവേശനത്തില് കണക്കിലെടുക്കേണ്ടതാണ്. പഠനസ്കൂളുകളിലെ ഗവേഷണമാർഗദർശികളുമായി കൂടിയാലോചിച്ച ശേഷം സ്കൂൾ ഡയറക്ടർമാർ വിലയിരുത്തുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ പിഎച്ച്.ഡി പ്രവേശനം നടത്താവൂ.

1.6 വിജ്ഞാപനമനുസരിച്ചുള്ള നിബന്ധനകൾ പാലിച്ച്, സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള അപേക്ഷാഫീസ് നേരിട്ടോ, ഓൺലൈൻ വഴിയോ അടച്ച്, നിർദ്ദിഷ്ട രീതിയിൽ അപേക്ഷ സമർപ്പിക്കണം.

## 2.പിഎച്ച്.ഡി. പ്രവേശന യോഗ്യത

2.1 അംഗീകൃത സർവ്വകലാശാലയിൽ നിന്ന് അതതു വിഷയത്തിലോ, പഠന സ്കൂളുകൾ അതതു കാലങ്ങളിൽ നിർദ്ദേശിക്കുന്ന അനുബന്ധ വിഷയത്തിലോ 55 ശതമാനം അഥവാ തത്തുല്യമായ ഗ്രേഡോടുകൂടിയ ബിരുദാനന്തരബിരുദമാണ് അപേക്ഷിയ്ക്കുവാനുള്ള അടിസ്ഥാനയോഗ്യത. എം.ഫിൽ ബിരുദം അടിസ്ഥാനയോഗ്യതയായുള്ളവർ കോഴ്സ് വർക്കിൽ 55% മാർക്ക് നേടിയിരിക്കണം.

2.2 എസ്.സി./എസ്.ടി./ഒ.ബി.സി.(നോൺ ക്രീമിലെയർ)/ ഭിന്നശേഷി/ഇ.ഡബ്ല്യൂ. എസ് വിഭാഗക്കാർക്കും, സർവ്വകലാശാലയോ, സർക്കാരോ അതതുകാലത്ത് തീരുമാനിക്കുന്ന പ്രത്യേക വിഭാഗക്കാർക്കും നിശ്ചിത ശതമാനത്തിൽ നിന്നും അഞ്ചു (5) ശതമാനം മാർക്കിന് ഇളവു ലഭിക്കും. അതായത്, മേൽ സൂചിപ്പിച്ചവർക്ക് ഗ്രേസ്മാർക്ക് കൂടാതെ, 50 ശതമാനം മാർക്ക് അഥവാ തത്തുല്യമായ ഗ്രേഡ് ഉണ്ടായിരിക്കണം.

2.3 പിഎച്ച്.ഡി പ്രോഗ്രാം അപേക്ഷകർക്കായി സർവ്വകലാശാല പൊതു പ്രവേശനപരീക്ഷ നടത്തുന്നതാണ്. ജെ.ആർ.എഫ്/നെറ്റ്/എം.ഫിൽ/യു.ജി.സി. (പിഎച്ച്.ഡി) പ്രവേശന യോഗ്യത/മറ്റ് പിഎച്ച്.ഡി ഫെല്ലോഷിപ്പുകൾക്കായുള്ള പരീക്ഷകൾ വിജയിച്ചവർ, എന്നിവരെ പൊതുപ്രവേശനപരീക്ഷയിൽ നിന്ന് ഒഴിവാക്കാം. യു.ജി.സിയിൽ നിന്ന് FIP ആനുകൂല്യം നേടിയിട്ടുള്ളവരും പ്രവേശന പരീക്ഷ എഴുതേണ്ടതില്ല.

2.4 സർവ്വകലാശാലാ ആസ്ഥാനത്ത് വച്ച് നടത്തുന്ന മൂന്നുമണിക്കൂർ ദൈർഘ്യമുള്ള പൊതുപ്രവേശനപരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ലഭിച്ചവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. പ്രവേശനപരീക്ഷയുടെ മാർക്കിൽ, എസ്.സി./എസ്.ടി./ഒ.ബി.സി.(നോൺ ക്രീമിലെയർ)/ ഭിന്നശേഷി/ഇ.ഡബ്ല്യൂ. എസ് വിഭാഗക്കാർക്കും, സർവ്വകലാശാലയോ, സർക്കാരോ അതതുകാലത്ത് തീരുമാനിക്കുന്ന പ്രത്യേക വിഭാഗക്കാർക്കും 5 ശതമാനം ഇളവ് അനുവദിയ്ക്കുന്നതാണ്.

## 3. പ്രവേശന പ്രക്രിയ

3.1 പിഎച്ച്.ഡി. പ്രവേശനപരീക്ഷ, സർവ്വകലാശാലാ ഗവേഷണ പ്രവേശന സമിതിയുടെ മേൽനോട്ടത്തിൽ പരീക്ഷാ കൺട്രോളർ നടത്തേണ്ടതാണ്. പ്രവേശന യോഗ്യത നേടിയവരെ അഭിമുഖ പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പിഎച്ച്.ഡി പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കുക. സർവ്വകലാശാലാ പ്രവേശന പരീക്ഷാ വിജയികൾ, എം.ഫിൽ/നെറ്റ്/ജെ.ആർ.എഫ്/മറ്റ് ഗവേഷണ ഫെല്ലോഷിപ്പ് പരീക്ഷാ വിജയികൾ എന്നിവരെ ഉൾപ്പെടുത്തി അഭിമുഖ പരീക്ഷക്കുള്ള ചുരുക്കപ്പട്ടിക തയ്യാറാക്കണം. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവർ സർവ്വകലാശാല നിർദ്ദേശിക്കുന്ന തീയതിയിൽ ഗവേഷണ വിഷയത്തിന്റെ അഞ്ചുപേജിൽ കുറയാത്ത രൂപരേഖ മലയാളത്തിൽ ഡി.ടി.പി. ചെയ്ത് സമർപ്പിക്കണം. പ്രവേശന പരീക്ഷയിലും അഭിമുഖ പരീക്ഷയിലും നേടുന്ന ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ അന്തിമപട്ടിക പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഗവേഷണാഭിരുചി, ഗവേഷണസാധ്യത, രീതിശാസ്ത്രത്തിലുള്ള വ്യക്തത, പ്രമേയം, അവതരണം, വിഷയജ്ഞാനം, പ്രതികരണം എന്നിവയുടെ അടിസ്ഥാനത്തിൽ, രൂപരേഖ, അഭിമുഖം എന്നിവയെ വിലയിരുത്തി മാർക്ക് നൽകേണ്ടതാണ്.

(അനുബന്ധം 1 കാണുക). അഭിമുഖത്തിന് 50% മാർക്ക് നിർബന്ധമാണ്. അന്തിമപട്ടികയിൽ നിന്നും സംവരണക്രമം പാലിച്ച് പ്രവേശനം നടത്തേണ്ടതാണ്.

3.2 ജെ.ആർ.എഫ്/നെറ്റ്/യു.ജി.സി.(പിഎച്ച്.ഡി) പ്രവേശന യോഗ്യത/എം.ഫിൽ/മറ്റ് ദേശീയഫെല്ലോഷിപ്പ് പരീക്ഷാ വിജയികൾ എന്നിവർക്ക് പൊതുപ്രവേശനപരീക്ഷയിൽ ഇളവ് അനുവദിക്കുമെങ്കിലും അഭിമുഖപരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. ജെ.ആർ.എഫ്/നെറ്റ് യോഗ്യത ഇല്ലാത്ത വിഷയങ്ങളിൽ, സർവ്വകലാശാല നടത്തുന്ന പ്രവേശനപരീക്ഷയും അഭിമുഖവുമായിരിക്കും മാനദണ്ഡം. ജെ.ആർ.എഫ്. ലഭിച്ചവർക്ക് പ്രവേശനപരീക്ഷയിൽ 70 മാർക്ക് ലഭിച്ചതായി കണക്കാക്കും. നെറ്റ്/യു.ജി.സി (പിഎച്ച്.ഡി) പ്രവേശനയോഗ്യത എന്നിവയുടെ കാര്യത്തിൽ, യു.ജി.സി. പരീക്ഷയ്ക്ക് കിട്ടിയ സ്കോർ 70 ലേക്ക് പരിവർത്തിപ്പിച്ച് പരിഗണിക്കും. പ്രവേശന പരീക്ഷയ്ക്ക് കിട്ടിയ മാർക്ക് എഴുപതിലേക്ക് മാറ്റി പരിഗണിക്കും.

3.3 യു.ജി.സി.യിൽനിന്ന് എഫ്.ഐ.പി. ആനുകൂല്യം നേടിയിട്ടുള്ളവർ പ്രവേശനപരീക്ഷ എഴുതേണ്ടതില്ല. എന്നാൽ, അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

3.4 പ്രവേശനത്തിന് യോഗ്യത നേടിയവർ ഗവേഷണരൂപരേഖയുമായി പഠനസ്കൂൾ രൂപീകരിക്കുന്ന ഗവേഷണ ഉപദേശകസമിതിക്കു മുന്നിൽ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. 3.1 ൽ സൂചിപ്പിച്ച പ്രകാരം, അന്തിമപട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

3.5 സർവ്വകലാശാലാ വെബ്സൈറ്റിലും രണ്ടു പ്രാദേശിക ദിനപത്രങ്ങളിലും പ്രവേശനവിവരങ്ങൾ (ഒഴിവുള്ള സീറ്റുകൾ, വിഷയം, പ്രവേശന മാനദണ്ഡം, പ്രവേശന പ്രക്രിയ, പരീക്ഷാകേന്ദ്രം, പരീക്ഷാ തീയതി എന്നിവ) സഹിതം പരസ്യങ്ങൾ നൽകിയിരിക്കണം.

3.6 യു.ജി.സി. റഗുലേഷൻസ് അനുസരിച്ച്, സർവ്വകലാശാല തയ്യാറാക്കി, ഉന്നതസമിതികളാൽ അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങളും സംസ്ഥാന സർക്കാർ/സർവ്വകലാശാല നിർദ്ദേശിച്ചിട്ടുള്ള സംവരണക്രമങ്ങളും പാലിച്ചുകൊണ്ടായിരിക്കും പ്രവേശനം.

3.7 അതത് പഠനസ്കൂളുകൾ രൂപീകരിക്കുന്ന ഗവേഷണ പ്രവേശനത്തിനായുള്ള വിദഗ്ദ്ധസമിതികളാണ് അഭിമുഖ പരീക്ഷ നടത്തുന്നത്. ഈ വിദഗ്ദ്ധസമിതിക്കു മുന്നിൽ അഭിമുഖത്തിന് യോഗ്യരായവർ ഗവേഷണ രൂപരേഖ അവതരിപ്പിക്കേണ്ടതുണ്ട്.

3.8 അതത് പഠനസ്കൂളിലെ ഗവേഷണ മാർഗ്ഗദർശികളും പഠനസ്കൂൾ സമർപ്പിക്കുന്ന, സർവ്വകലാശാലയ്ക്ക് പുറത്തു നിന്നുള്ള വിഷയവിദഗ്ദ്ധരുടെ

പാനലിൽനിന്നും വൈസ് ചാൻസലർ തെരഞ്ഞെടുക്കുന്ന ഒരു വിദഗ്ദ്ധാംഗവും ഉൾപ്പെട്ടതായിരിക്കും, ഗവേഷണ പ്രവേശനത്തിനായുള്ള വിദഗ്ദ്ധസമിതി. പഠന സ്കൂൾ ഡയറക്ടർ, ഇതിന്റെ ചെയർപേഴ്സൺ ആയിരിക്കും.

3.9 ഓരോ വർഷവും പ്രവേശനം നേടുന്ന പിഎച്ച്.ഡി ഗവേഷകരുടെ പേര്, ഗവേഷണവിഷയം, മാർഗദർശി, രജിസ്ട്രേഷൻ തീയതി എന്നിവ സർവകലാശാലാ വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

**3.10 പൂർണ്ണസമയ ഗവേഷണം/ഭാഗികസമയ ഗവേഷണം**

3.10.1 പിഎച്ച്.ഡി പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത നേടി അഭിമുഖ പരീക്ഷ വിജയിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക്, ഗവേഷണത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. പൂർണ്ണസമയ ഗവേഷകർക്ക് മാത്രമേ സർവ്വകലാശാല/യു.ജി.സി/മറ്റ് ഏജൻസികൾ എന്നിവര് നൽകുന്ന ഫെല്ലോഷിപ്പിന് അർഹതയുണ്ടായിരിക്കൂ.

3.10.2 സർവ്വകലാശാല/സർക്കാർ/എയ്ഡഡ് സ്കൂൾ-കോളേജ് അധ്യാപകർ, അർദ്ധസർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥിരം ജീവനക്കാർ എന്നിവർക്ക് മാത്രമേ ഭാഗികഗവേഷണത്തിന് അവസരമുണ്ടായിരിക്കുകയുള്ളൂ. ഭാഗികഗവേഷണത്തിന് പ്രവേശനം ലഭിയ്ക്കുന്നവർ, ജോലിചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് നിരാക്ഷേപപത്രം (NOC) പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതാണ്.

3.10.2.1 ഭാഗികസമയഗവേഷണത്തിന് അപേക്ഷിക്കുന്നവരും യു.ജി.സി/പ്രവേശന മാനദണ്ഡങ്ങൾ (മാർക്ക് ശതമാനം ഉൾപ്പെടെ) പാലിക്കേണ്ടതാണ്.

3.10.2.2 ഭാഗികഗവേഷകരും ആദ്യ ആറുമാസ കോഴ്സ് വർക്ക് പൂർണ്ണസമയ ഗവേഷകരായി പൂർത്തിയാക്കിയിരിക്കണം.

3.10.2.3 കോഴ്സ് വർക്ക് കാലയളവിൽ ഭാഗികസമയ ഗവേഷകർ അതാതു ഓഫീസുകളിൽ ഹാജരായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

3.10.3 ആറുമാസത്തെ കോഴ്സ് വർക്ക് പൂർത്തിയാക്കിയ ഒരു ഗവേഷണ വിദ്യാർത്ഥിക്ക് സ്ഥിരമോ താൽക്കാലികമോ ആയ ജോലി ലഭിക്കുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്/നിയമന ഉത്തരവ് ഹാജരാക്കുന്ന പക്ഷം പൂർണ്ണസമയ ഗവേഷണം ഭാഗികഗവേഷണമാക്കി മാറ്റാവുന്നതാണ്. എന്നാൽ പിന്നീടൊരിക്കലും പൂർണ്ണസമയ ഗവേഷണത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

3.10.3.1 ഇവർ നിശ്ചിത ഫീസടച്ച് അതിനുള്ള അപേക്ഷ സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

3.10.3.2 ഇവർക്ക് പ്രബന്ധസമർപ്പണത്തിന് പരമാവധി 6 വർഷം വരെ സമയം അനുവദിക്കുന്നതാണ്.

3.10.3.3 ഇത്തരത്തിൽ ഭാഗികഗവേഷണത്തിലേക്ക് മാറുന്ന ഗവേഷകർ വർഷം തോറും സർവ്വകലാശാലയിൽ പ്രതിവർഷം 30 ദിവസത്തെ ഹാജർ നിർബന്ധമായും നേടിയിരിക്കണം.

**3.11 പ്രവേശനസമയത്ത് ഹാജരാക്കേണ്ട രേഖകള്:**

3.11.1 വയസ്സ് തെളിയിയ്ക്കുന്നതിനുള്ള രേഖ (എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്/തത്തുല്യമായ രേഖ)

3.11.2 ബിരുദാനന്തരബിരുദത്തിന്റെ ഡിഗ്രി സർട്ടിഫിക്കറ്റ്/പ്രൊവിഷണൽ സർട്ടിഫിക്കറ്റും, മാർക്ക്ഷീറ്റുകളും.

3.11.3 ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ജാതി അടിസ്ഥാനത്തിലുള്ള ആനുകൂല്യം/സംവരണം അവകാശപ്പെടുന്നെങ്കിൽ)

3.11.4 മറ്റു ജോലിയുള്ളവർ തൊഴിൽദാതാവിൽ നിന്നുള്ള നിരാക്ഷേപപത്രം (Non – Objection Certificate).

3.11.5 പഠിച്ച സ്ഥാപനത്തിൽ നിന്നുമുള്ള സ്വഭാവസർട്ടിഫിക്കറ്റും ട്രാൻസ്ഫർ സർട്ടിഫിക്കറ്റും.

3.11.6 കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും വരുന്നവർ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ജെ.ആർ.എഫ്/എഫ്.ഐ.പി ഗവേഷകർ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

3.11.7 സർവ്വകലാശാലയുടെ ഫെല്ലോഷിപ്പിന് അർഹരായവർ സർവ്വകലാശാലയുമായി ഫെല്ലോഷിപ്പ് കരാറിൽ ഏർപ്പെടേണ്ടതാണ്.

## 4. പിഎച്ച്.ഡി പ്രോഗ്രാമിന്റെ കാലാവധി

4.1 പിഎച്ച്.ഡി പ്രോഗ്രാമിന്റെ കാലാവധി, മുഴുവൻ സമയ ഗവേഷകർക്ക് കോഴ്സ് വർക്ക് ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് 3 വർഷവും പരമാവധി 5 വർഷവുമായിരിക്കും. ഭാഗികസമയഗവേഷകർക്ക് പരമാവധി 6 വർഷം അനുവദിക്കുന്നതാണ്.

4.2 എം.ഫിൽ ബിരുദത്തോടെ പിഎച്ച്.ഡി പ്രവേശനം നേടുന്നവർക്ക് കോഴ്സ് വർക്ക് ഒഴികെ 2.5 വർഷം കൊണ്ട് പ്രബന്ധം സമർപ്പിക്കാവുന്നതാണ്.

പ്രബന്ധ സമർപ്പണത്തിന് റീ-രജിസ്ട്രേഷൻ കൂടാതെ, ചുരുങ്ങിയത് 3 വർഷവും പരമാവധി 5 വർഷവും, ഭിന്നശേഷിക്കാർ (40 ശതമാനത്തിലധികം)/ഭാഗികഗവേഷകർ എന്നിവർക്ക് പരമാവധി 6 വർഷവും സമയം അനുവദിക്കുന്നതാണ്.

4.3 ഗവേഷകർക്കുള്ള ഫെല്ലോഷിപ്പുകളുടെ കാലാവധി അതത് ഏജൻസികൾ നിശ്ചയിക്കുന്ന കാലാവധിയായിരിക്കും.

4.4 സർവ്വകലാശാല ഫെല്ലോഷിപ്പിന്റെ അർഹതയും സമയപരിധിയും തുകയും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതത് കാലത്ത് സർവ്വകലാശാല എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായിരിക്കും.

4.4.1 സർവ്വകലാശാലാ ഫെല്ലോഷിപ്പോടെ ഗവേഷണം തുടരുന്നതിനിടെ, ജെ.ആർ.എഫ്./ഇ-ഗ്രാന്റ് എന്നിവ ലഭിക്കുന്നവരുടെ ഗവേഷണ കാലാവധി ഗവേഷണത്തിന് പ്രവേശനം നേടിയ തീയതി മുതൽ കണക്കാക്കുന്നതും, സർവ്വകലാശാല ഫെല്ലോഷിപ്പിനോടൊപ്പം ഒരേ കാലയളവില്, ജെ.ആർ.എഫ്./ഇ-ഗ്രാന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ, കൈപ്പറ്റിയ തുക സർവ്വകലാശാലാ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. ഇ-ഗ്രാന്റിനോടൊപ്പം മറ്റ് ഫെല്ലോഷിപ്പുകൾ കൈപ്പറ്റിയ ഗവേഷകർ, ഇ-ഗ്രാന്റ് വഴി ലഭിച്ച തുക സർക്കാർ ഫണ്ടിലേക്ക് തിരിച്ചടവാക്കണം. ഇതുമായി ബന്ധപ്പെട്ട് സർവകലാശാല നിർദ്ദേശിക്കുന്ന കരാറിൽ ഗവേഷകർ ഒപ്പുവയ്ക്കേണ്ടതാണ്.

4.5 വനിതകൾക്ക് ഗവേഷണ കാലയളവിനുള്ളിൽ ഒരു തവണ മാത്രം പ്രസവാവധിക്ക് അർഹതയുണ്ടായിരിക്കും. ഇത് സംസ്ഥാന സർക്കാരിന്റേയോ യു ജി സി.യുടേയോ ചട്ടപ്രകാരം യഥാക്രമം 6 മാസമോ/8 മാസമോ ആയിരിക്കും. പ്രസവാവധിക്കു പുറമെ ഡോക്ടറുടെ ശുപാർശയനുസരിച്ച് 45 ദിവസത്തെ ഗർഭഛിദ്രാവധിക്കും അർഹതയുണ്ടായിരിക്കും. ഇത്തരം അവധി, ഗവേഷണ കാലയളവിൽ ഫെല്ലോഷിപ്പോടുകൂടി ഒരുതവണ മാത്രമേ അനുവദിക്കുകയുള്ളൂ.

4.6 സർവ്വകലാശാലാ ഫെല്ലോഷിപ്പ് കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഫെല്ലോഷിപ്പ് കൈപ്പറ്റുന്ന 3 വർഷങ്ങൾക്കുശേഷം, നിശ്ചിത നിരക്കിലുള്ള ഫീസ് നൽകിക്കൊണ്ട് ഒഴിവുള്ള പക്ഷം, ഹോസ്റ്റൽ സൗകര്യവും വാഹന സൗകര്യവും ഉപയോഗിക്കാവുന്നതാണ്.

4.7 പ്രബന്ധസമർപ്പണത്തിന്റെ അധിക കാലയളവ് സ്വീകരിക്കുന്ന ഗവേഷകർക്ക് നിശ്ചിത നിരക്കിലുള്ള ഫീസുകൾ നൽകിക്കൊണ്ട്, ഒഴിവുള്ള പക്ഷം ഹോസ്റ്റൽ സൗകര്യവും വാഹന സൗകര്യവും ഉപയോഗിക്കാവുന്നതാണ്.

4.8 ഗവേഷണ കാലാവധിക്ക് ശേഷം പ്രബന്ധ സമർപ്പണം നടത്തുവാൻ കഴിയാത്തവർക്ക്, ഉചിതമായ കാരണങ്ങളുണ്ടെങ്കിൽ അധിക കാലാവധിക്കായി

അപേക്ഷ സമർപ്പിക്കാവുന്നതും, ഗവേഷണ ഉപദേശക സമിതിയുടെ ശുപാർശയോടുകൂടി, ഗവേഷണ കൗൺസിലിന് പരമാവധി ഒരു വർഷം വരെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്.

4.9 ഗവേഷണകാലാവധിക്ക് ശേഷം പ്രബന്ധസമർപ്പണത്തിന് അധിക കാലയളവ് സ്വീകരിക്കുന്നവർ അവർക്ക് അനുവദിക്കപ്പെട്ട പരമാവധി കാലയളവ് വരെ റിസർച്ച് ഫീസ് (ട്യൂഷൻ ഫീ) ഉൾപ്പെടെ സർവ്വകലാശാല നിശ്ചയിക്കുന്ന ഫീസുകൾ അടവാക്കേണ്ടതാണ്.

4.10 പിഎച്ച്.ഡി ഗവേഷണത്തിന് അനുവദിക്കപ്പെട്ട അധിക കാലാവധിക്ക് ശേഷവും പ്രബന്ധം സമർപ്പിക്കാത്തവരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. എന്നാൽ, അങ്ങനെയുള്ളവർക്ക് റീ-രജിസ്ട്രേഷൻ തുകയും അതതു കാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന ഫൈൻ തുകയും അടവാക്കി, അതതു വകുപ്പുകളിലെ ഗവേഷണ ഉപദേശകസമിതിയുടെ ശുപാർശയോടെ നടപടിക്രമങ്ങൾ പാലിച്ച് പ്രബന്ധം സമർപ്പിക്കുവാൻ, ഒരു തവണ മാത്രം അവസരം ലഭിക്കും.

4.11 രജിസ്ട്രേഷൻ റദ്ദു ചെയ്യപ്പെടുന്ന സാഹചര്യത്തിൽ,പ്രസ്തുത മാർഗ്ഗദർശിയുടെ ആ സീറ്റ് ഒഴിവുള്ളതായി കണക്കാക്കപ്പെടും.

## 5. ഗവേഷണ മാർഗ്ഗദർശിയെ നിശ്ചയിക്കൽ

5.1 സർവ്വകലാശാലയിൽ സ്ഥിരനിയമനം നേടിയ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരിൽ നിന്നും ഗവേഷണബിരുദം, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഗവേഷണ മാർഗദർശികളെ ഗവേഷണ കൗൺസിലിന്റെ അനുമതിയോടെ വൈസ് ചാൻസലർക്ക് നിയമിക്കാവുന്നതാണ്.

5.2 പിഎച്ച്.ഡി ബിരുദത്തിനുശേഷം യു.ജി.സി./ സർവ്വകലാശാല അംഗീകരിച്ച ഗവേഷണ ജേണലുകളിൽ രണ്ട് പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചവർ ആയിരിക്കണം.

5.3 ഏതെങ്കിലും പ്രത്യേക വിഷയങ്ങളിൽ, പ്രത്യേക സാഹചര്യങ്ങളിൽ അംഗീകൃത ജേണലുകൾ ഇല്ലാത്തപക്ഷം ഇക്കാര്യത്തിൽ സർവ്വകലാശാലയ്ക്ക് തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

5.4 സർവ്വകലാശാലാ പ്രൊഫസർക്ക് എട്ടും, അസ്സോസിയേറ്റ് പ്രൊഫസർക്ക് ആറും, അസി. പ്രൊഫസർക്ക് നാലും എന്ന കണക്കിലാണ് ഗവേഷകരെ അനുവദിക്കുന്നത്.

5.5 ഒരു ഗവേഷണമാർഗദർശിയുടെ കൂടെയുള്ള ഗവേഷകർ പ്രബന്ധം സമർപ്പിക്കുന്ന ദിവസം മുതൽ, പ്രസ്തുത സീറ്റ് ഒഴിവുള്ളതായി കണക്കാക്കാവുന്നതാണ്.

5.6 അന്തർവൈജ്ഞാനിക സ്വഭാവമുള്ള ഗവേഷണവിഷയങ്ങളിൽ അതതു വകുപ്പുകളിലെ അധ്യാപകർ പ്രധാന മാർഗ്ഗദർശിയും അനുബന്ധ വകുപ്പിലേയോ വിഷയത്തിലേയോ ഇതര സ്ഥാപനത്തിലേയോ അംഗീകൃത ഗവേഷണ മാർഗദർശിയും സഹമാർഗ്ഗദർശിയും (Co-Guide) ആയി ആവശ്യമെങ്കിൽ, റിസർച്ച് അഡ്വൈസറി കമ്മിറ്റിക്ക് നിശ്ചയിക്കാവുന്നതാണ്. ഏതെങ്കിലും സാഹചര്യത്തില്, ഗവേഷണ മാർഗ്ഗദർശി ഗവേഷണ കേന്ദ്രത്തിൽ നിന്ന് സ്ഥിരമായോ ദീർഘകാലത്തേക്കോ സ്ഥലംമാറ്റം വാങ്ങിപോകുന്ന പക്ഷം, ഗവേഷകർക്ക് പഠനസ്കൂളിൽത്തന്നെ ഒരു സഹമാർഗ്ഗദർശിയെ കണ്ടെത്തണം. സ്ഥലം മാറിപ്പോകുന്ന അധ്യാപകർ ഇക്കാര്യത്തിൽ, കൃത്യമായ നിർദ്ദേശം സർവ്വകലാശാലയെ അറിയിക്കേണ്ടതും, അതനുസരിച്ച് സർവ്വകലാശാല പഠനസ്കൂൾ കൗൺസിലിനോട് സഹമാർഗദർശിയെ കണ്ടെത്തുവാൻ നിർദ്ദേശിക്കേണ്ടതുമാണ്. ഇത് പഠനസ്കൂളിലെ കൗൺസിൽ തീരുമാനിക്കുന്ന അധ്യാപികയോ അധ്യാപകനോ ആയിരിക്കും.

5.6.1 സർവ്വകലാശാലയ്ക്ക് പുറത്ത് പ്രവർത്തിക്കുന്നവർ സർവ്വകലാശാലയിലെ ഗവേഷണ മാർഗദർശികളായിരിക്കുന്നതല്ല. ഏതെങ്കിലും പ്രത്യേക വിഷയത്തിൽ സഹമാർഗദർശി (Co-Guide) ആകാവുന്നതാണ്.

5.6.2 സർവ്വകലാശാലയിലെ അധ്യാപകരുടെ സഹമാർഗദർശിത്വം (Co-Guideship), യു.ജി.സി. നിശ്ചയിച്ചിരിക്കുന്ന ഗവേഷകരുടെ എണ്ണത്തോടൊപ്പം, പരമാവധി രണ്ടു പേരെ കൂടി മാത്രം ഉൾക്കൊള്ളുന്നതായിരിക്കണം.

5.6.3 കോഴ്സ് വർക്ക് പരീക്ഷയ്ക്ക് മുൻപ് തന്നെ, മാർഗ്ഗനിർദ്ദേശിയെ തീരുമാനിക്കേണ്ടതും, ഗവേഷണ ഉപദേശക സമിതി വിളിച്ചു ചേർത്ത്, ആയതിൽ വിഷയം തീരുമാനിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നേടി ഒരുമാസത്തിനകം താൽക്കാലിക രജിസ്ട്രേഷൻ നൽകേണ്ടതുമാണ്. കോഴ്സ് വർക്കിന് ശേഷം പുതുക്കിയ പ്രബന്ധ രൂപരേഖയുടെ അടിസ്ഥാനത്തിൽ സ്ഥിര രജിസ്ട്രേഷൻ നൽകാവുന്നതാണ്.

## 6. പ്രബന്ധരൂപരേഖ സമർപ്പിക്കൽ

6.1 പിഎച്ച്ഡി പ്രവേശനം നേടിയ ഗവേഷകരുടെ കോഴ്സ് വർക്ക് പൂർത്തിയായതിന് ശേഷം, ഗവേഷണ വിഷയത്തിന്റെ കൃത്യമായ രൂപരേഖ, പഠനസ്കൂൾ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. പ്രബന്ധരൂപരേഖയുടെ ശീർഷകം മലയാളത്തിലും ഇംഗ്ലീഷിലും നൽകേണ്ടതാണ്.

6.2 അതത് പഠന സ്കൂളുകൾ നിശ്ചയിക്കുന്ന ഗവേഷണ ഉപദേശകസമിതി, പ്രബന്ധരൂപരേഖ പരിശോധിച്ച് അന്തിമമായി അംഗീകരിക്കേണ്ടതാണ്.

6.2.1 ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ്, താഴെ പറയുന്ന കാര്യങ്ങൾ ഗവേഷണ ഉപദേശക സമിതി പരിശോധിച്ച് തീരുമാനം കൈക്കൊണ്ടിരിക്കണം.

1. നിർദ്ദേശിച്ച വിഷയത്തിന് ഗവേഷണ സാധ്യതയുണ്ട്.
2. സർവ്വകലാശാലയിൽ ഈ ഗവേഷണം നടത്തുവാനുള്ള സൗകര്യമുണ്ട്.
3. ഈ വിദ്യാർത്ഥിക്ക് ഈ വിഷയത്തിൽ ഗവേഷണം നടത്തുന്നതിനുള്ള ശേഷിയുണ്ട്.

6.2.2 മാർഗ്ഗദർശിയുടെ മേൽനോട്ടത്തിൽ വിശദമായ പ്രബന്ധരൂപരേഖ തയ്യാറാക്കി, പഠന സ്കൂൾ ഡയറക്ടർ മുഖേന ഗവേഷണ ഉപദേശക സമിതിക്ക് മുൻപാകെ സമർപ്പിക്കണം.

## 6.3 രജിസ്ട്രേഷൻ പൂർത്തിയാക്കൽ

ഗവേഷണ ഉപദേശകസമിതിയുടെ ശുപാർശ പ്രകാരം, രജിസ്ട്രേഷൻ അംഗീകരിച്ച് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിയ്ക്കും. ഗവേഷകൻ/ഗവേഷക, ഗവേഷണ വിഷയം, മാർഗ്ഗദർശി, ഗവേഷണം ആരംഭിക്കുന്ന തീയതി എന്നിവ ഈ ഉത്തരവിൽ ഉണ്ടായിരിക്കണം. കോഴ്സ് വർക്കിന്റെ ഗ്രേഡ് കാർഡ്, ജോയിനിങ്ങ് ഓർഡർ എന്നിവ കോഴ്സ് വർക്ക് പൂർത്തീകരിച്ച് ആറു മാസത്തിനകം ഗവേഷകർക്ക് നൽകേണ്ടതാണ്.

## 6.4 ഗവേഷണ വിഷയമാറ്റം

പ്രബന്ധരൂപരേഖ, ഗവേഷണ ഉപദേശക സമിതി അംഗീകരിച്ച്, ആവശ്യമെങ്കിൽ, മാർഗ്ഗദർശിയുടെ ശുപാർശയോടെ ഗവേഷണ വിഷയത്തിന്റെ മേഖല മാറ്റുവാനായുള്ള അപേക്ഷ നൽകാവുന്നതാണ്. ഗവേഷണ ഉപദേശക സമിതിക്ക് ഗവേഷണവിഷയം മാറ്റുവാനുള്ള കാരണം തൃപ്തികരമായി തോന്നിയാൽ ഗവേഷണവിഷയം മാറ്റുവാനുള്ള അനുമതി നൽകാവുന്നതാണ്. വിഷയം മാറ്റിയാലും, ഗവേഷണത്തിന് അനുവദിച്ചിട്ടുള്ള ഏറ്റവും ഉയർന്ന കാലപരിധിക്കുള്ളിൽ പ്രബന്ധം സമർപ്പിക്കണം.

### 6.5 പ്രബന്ധത്തിന്റെ തലക്കെട്ടുമാറ്റം

ഏതെങ്കിലും സാഹചര്യത്തിൽ പ്രബന്ധത്തിന്റെ തലക്കെട്ടിൽ മാറ്റം വരുത്തണമെങ്കിൽ, ആയത് സംബന്ധിച്ച വിശദാംശങ്ങൾ (നിലവിലുള്ള തലക്കെട്ടും പുതിയ തലക്കെട്ടും) പ്രബന്ധ സമർപ്പണ പൂർവ്വ അവതരണത്തിന്റെ മിനുട്സിൽ ബാഹ്യവിഷയവിദഗ്ദ്ധന്റെ ശുപാർശയായി ലഭ്യമാക്കേണ്ടതും, ആയതിനനുസൃതമായി സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. പുതുക്കിയ തലക്കെട്ട്, മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമാക്കേണ്ടതാണ്.

### 6.6 മാർഗ്ഗദർശിയുടെ മാറ്റം

ഒരു പിഎച്ച്.ഡി. വിദ്യാർഥിക്ക് താഴെ പറയുന്ന സന്ദർഭങ്ങളിൽ മാർഗ്ഗദർശിയെ മാറ്റുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

6.6.1 വ്യക്തിപരമായ കാരണങ്ങളാൽ മാർഗ്ഗദർശിക്ക് വിദ്യാർഥിയുടെ മേൽനോട്ടം വഹിക്കാൻ കഴിയാത്ത അവസ്ഥ/വിദ്യാർത്ഥിക്ക് മാർഗ്ഗദർശിയുമായി ചേർന്നുപോകാൻ കഴിയാത്ത അവസ്ഥ.

6.6.2 വിഷയത്തിലോ പഠനമേഖലയിലോ ഉണ്ടാകുന്ന മാറ്റം.

6.6.3 വിഷയത്തിന്റെ പുരോഗതിയിലെ സവിശേഷത കാരണം മറ്റൊരു വിദഗ്ധനെ ആവശ്യം വരുന്ന സന്ദർഭം.

6.6.4 മേൽപറഞ്ഞ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗവേഷണ വിദ്യാർഥിക്ക് മാർഗ്ഗദർശിയെ മാറ്റുവാനുള്ള അപേക്ഷ, ബന്ധപ്പെട്ട പഠന സ്കൂൾ ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്.

6.6.5 പഠനസ്കൂൾ ഡയറക്ടർ ഈ അപേക്ഷ ഗവേഷണ ഉപദേശക സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കണം. പഠനസ്കൂൾ ഡയറക്ടറുടെ ശുപാർശ പ്രകാരം മാർഗ്ഗദർശിയെ മാറ്റുവാനുള്ള ആവശ്യം ഗവേഷണ ഉപദേശക സമിതി പരിഗണിക്കുന്നതായിരിക്കും.

### 6.7 വിദ്യാർഥിയെ ഒഴിവാക്കാവുന്ന സന്ദർഭങ്ങൾ

ഒരു പിഎച്ച്.ഡി. വിദ്യാർഥിയെ സർവ്വകലാശാലയിൽ നിന്ന് താഴെ പറയുന്ന സാഹചര്യങ്ങളിൽ ഒഴിവാക്കാവുന്നതാണ്:

6.7.1 പിഎച്ച്.ഡി വിദ്യാർത്ഥികൾ, പ്രവേശനം കഴിഞ്ഞ് 2 സെമസ്റ്ററിനുള്ളിൽ (ഒരു വർഷം) കോഴ്സ് വർക്ക് പൂർത്തിയാക്കാതിരിക്കുക.

6.7.2 കോഴ്സ് വർക്ക് പരീക്ഷയിൽ ആവശ്യമുള്ള ക്രെഡിറ്റ് നേടാതിരിക്കുക.

6.7.3 സർവ്വകലാശാലാ ഫീസ് തുടർച്ചയായ രണ്ട് ഗഡുക്കൾ ഒടുക്കാതിരിക്കുക.

6.7.4 സർവ്വകലാശാലാ നിയമങ്ങൾ ലംഘിക്കുക.

6.7.5 ഗവേഷണപുരോഗതിയുടെ പരിശോധനയിൽ രണ്ടു തവണയിലധികം അകാരണമായി പങ്കെടുക്കാതിരിക്കുക.

**6.8** പിഎച്ച്.ഡി. വിദ്യാർത്ഥികൾ ഗവേഷണ കാലയളവിൽ സർവ്വകലാശാലയുടെ അനുമതിയില്ലാതെ താൽക്കാലിക ജോലിക്ക് പ്രവേശിക്കുവാനോ, മറ്റേതെങ്കിലും റഗുലർ കോഴ്സിൽ ചേർന്ന് പഠിക്കുവാനോ പാടില്ല.

**6.9** തുടർച്ചയായ രണ്ട് 'ഗവേഷണ പുരോഗതി വിലയിരുത്തുന്നതിനുള്ള കമ്മിറ്റി' യിലും ഗവേഷണ പുരോഗതി ഇല്ലാതെ വന്നാൽ പ്രവേശനം റദ്ദു ചെയ്യുവാൻ ഗവേഷണ ഉപദേശക സമിതിക്ക് അധികാരമുണ്ടായിരിക്കും. നിശ്ചിത കാലയളവിനുള്ളിൽ പ്രബന്ധം സമർപ്പിക്കാത്ത സന്ദർഭങ്ങളിലും പ്രവേശനം റദ്ദു ചെയ്യുവാൻ ശുപാർശ ചെയ്യാവുന്നതാണ്.

**6.10** പിഎച്ച്.ഡി. ഗവേഷകർക്ക് താമസസ്ഥലം മാറേണ്ട സാഹചര്യമുണ്ടാകുകയാണെങ്കിൽ, ഗവേഷക/ൻ കോഴ്സ് വർക്ക് പൂർത്തിയാക്കുകയും രണ്ടു വർഷമെങ്കിലും പൂർണ്ണസമയ ഗവേഷണം നിർവഹിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ കോഴ്സ് വർക്ക് ക്രഡിറ്റ് സഹിതം മറ്റേതെങ്കിലും സർവ്വകലാശാലയിൽ സീറ്റ് ലഭ്യമാകുന്ന പക്ഷം, മാറാവുന്നതാണ്.

**6.11** കോഴ്സ് വർക്ക് നിബന്ധനകൾ എല്ലാം പാലിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ക്രെഡിറ്റ് ട്രാൻസ്ഫറിന് അർഹത നേടാനകുകയുള്ളൂ.

**6.12 കോഴ്സ് വർക്ക് - ക്രെഡിറ്റ് - മറ്റു നിബന്ധനകൾ കോഴ്സ് വർക്ക് പിഎച്ച്.ഡി.**

6.12.1 പിഎച്ച്.ഡി പ്രവേശനം നേടി ആദ്യ ആറുമാസ കാലയളവിനുള്ളിൽ കോഴ്സ് വർക്ക് നിർബന്ധമായും പൂർത്തിയാക്കിയിരിക്കണം.

6.12.2 ആദ്യത്തെ ആറുമാസത്തിനുള്ളിൽ കോഴ്സ് വർക്ക് പൂർത്തിയാക്കാത്തവർക്ക് സർവ്വകലാശാല നിർദ്ദേശിക്കുന്ന ഫീസടച്ച് അടുത്ത ആറുമാസത്തിനുള്ളിൽ ഒരു തവണകൂടി പരീക്ഷ എഴുതുവാനുള്ള അവസരം ഉണ്ടായിരിക്കും.

6.12.3 ഗവേഷക/ൻ കോഴ്സ് വർക്ക് പരീക്ഷയിൽ 50% മാർക്ക് അഥവാ തത്തുല്യ ഗ്രേഡ് നേടിയെങ്കിൽ മാത്രമേ വിജയിച്ചതായി

കണക്കാക്കുകയുള്ളൂ. ഇപ്രകാരം പരീക്ഷ വിജയിക്കാത്തവരുടെ രജിസ്ട്രേഷൻ റദ്ദാക്കപ്പെടും.

6.12.4 കോഴ്സ് വർക്ക് നടക്കുന്ന ആദ്യ ആറുമാസത്തിൽ കുറഞ്ഞത് 75% ഹാജർ ഉണ്ടെങ്കിൽ മാത്രമേ കോഴ്സ് വർക്ക് പൂർത്തിയാക്കിയതായി കണക്കാക്കുകയുള്ളൂ. തുടർന്നുള്ള കാലയളവിൽ പ്രബന്ധരചനാ ജോലികളുള്ളതുകൊണ്ട് ഹാജർ നില അതത് മാർഗ്ഗദർശികൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പിഎച്ച്.ഡി. പ്രോഗ്രാം കാലയളവിൽ 75 ശതമാനത്തിൽ കുറയാത്ത ഹാജർനില ഉള്ളവർക്കു മാത്രമേ പ്രബന്ധസമർപ്പണം അനുവദിക്കുകയുള്ളൂ.

6.12.5 കോഴ്സ് വർക്ക് പൂർത്തിയാക്കാത്ത ഒരു വിദ്യാർത്ഥിയേയും ഗവേഷണം തുടരുവാൻ അനുവദിക്കുന്നതല്ല.

6.12.6 പിഎച്ച്.ഡി ബിരുദത്തിനായി ചേരുന്നവർക്ക് അതത് ഫാക്കൽറ്റിയിൽ എം.ഫിൽ ഉണ്ടെങ്കിൽ, ഗവേഷണ വിഷയത്തിനനുസരിച്ച് കോഴ്സ് വർക്കിലെ പേപ്പർ 3-ന് മാറ്റമുണ്ടായാൽ, പ്രസ്തുത പേപ്പറിന്റെ പരീക്ഷ വീണ്ടും എഴുതേണ്ടതാണ്.

6.12.7 കോഴ്സ് വർക്കിന്റെ സിലബസ്, മാർഗ്ഗദർശി തയ്യാറാക്കുകയും പഠന സ്കൂൾ കൗൺസിൽ അത് പാസാക്കുകയും വേണം.

6.12.8 ഗവേഷണരീതിശാസ്ത്രം, ഗവേഷണത്തിന് തെരഞ്ഞെടുത്തിരിക്കുന്ന പ്രത്യേക വിഷയത്തിലുള്ള പരിജ്ഞാനം, പ്രസ്തുത വിഷയത്തിൽ പ്രബന്ധനിർവഹണത്തിനുള്ള സൈദ്ധാന്തിക സമീക്ഷ, ഗവേഷണ നൈതികത എന്നിവയ്ക്ക് ഊന്നൽ നൽകിയ 4 പേപ്പറുകൾ ഉൾപ്പെട്ടതാണ് കോഴ്സ് വർക്കിന്റെ സിലബസ്. അതത് കാലങ്ങളിൽ യു.ജി.സി അനുശാസിക്കുന്ന നിർദ്ദേശങ്ങൾ കൂടി സിലബസ്സിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഗവേഷണ നൈതികത സംബന്ധിച്ച പേപ്പറിന് രണ്ടു ക്രെഡിറ്റും, മറ്റു മൂന്നു പേപ്പറുകൾക്ക് നാലു ക്രെഡിറ്റും വീതമാണ് ഉണ്ടായിരിക്കുക. കോഴ്സ് വർക്ക് കാലയളവിൽ ഗവേഷകർ ചുരുങ്ങിയത് ആഴ്ചയിൽ രണ്ടു മണിക്കൂറെങ്കിലും പി.ജി വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തിരിക്കണം. ഇതിനുള്ള രണ്ട് ക്രെഡിറ്റ് ഉൾപ്പെടെ കോഴ്സ് വർക്കിന് ആകെ 16 ക്രെഡിറ്റായിരിക്കും. കോഴ്സ് വർക്ക് യോഗ്യതയ്ക്ക്, ചുരുങ്ങിയത് 12 ക്രെഡിറ്റ് നേടിയിരിക്കണം.

### 6.13 പിഎച്ച്.ഡി ഗവേഷകർക്ക് അനുവദനീയമായ അവധികൾ

6.13.1 ആകസ്മികാവധി (Casual Leave) ഒരു വർഷം – 15 എണ്ണം

6.13.2 മെഡിക്കൽ അവധി ഒരു വർഷം പരമാവധി – 10 എണ്ണം

6.13.3 ഡ്യൂട്ടിലീവ് (സെമിനാറുകൾ ഉൾപ്പെടെ) ഒരു വർഷം പരമാവധി – 12 എണ്ണം

6.13.4 ഫീൽഡ് വർക്ക്/ലൈബ്രറി/ഗൈഡിന്റെ/സന്ദർശിച്ച സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് പ്രകാരം ഒരു വർഷം പരമാവധി – 56 എണ്ണം

6.13.5 ഒരു വർഷം സർക്കാർ നിശ്ചയിച്ചിട്ടുള്ള അവധികൾക്കു പുറമെ വിവിധ വകുപ്പുകളിലായി ഫെല്ലോഷിപ്പോടു കൂടി 93 അവധികൾ (പുരുഷ ഗവേഷകർക്ക്) നിയമാനുസൃതമായും ഓഡിറ്റ് വ്യവസ്ഥയോടെയും അനുവദിച്ചിട്ടുണ്ട്. ഗവേഷണ വിഷയത്തിന്റെ ആവശ്യകതയനുസരിച്ച് ഫീൽഡ് വർക്ക്/ലൈബ്രറി വർക്ക്/ദത്തശേഖരണം എന്നിവയ്ക്ക് മാർഗദർശിയുടെ ശുപാർശയിന്മേൽ ഇതിലധികം ആവശ്യമായി വരുന്ന ഫെല്ലോഷിപ്പോടുകൂടിയുള്ള അവധി മാർഗദർശിയുടെ ശുപാർശയോടെ സ്കൂൾ ഡയറക്ടർ അനുവദിക്കുന്നതായിരിക്കും.

6.13.6 സ്ത്രീ ഗവേഷകർക്ക് ആർത്തവാവധി ഒരു മാസം – 1 എണ്ണം എന്ന തോതിൽ, വർഷം 12 അവധികൾക്ക് അർഹതയുണ്ടായിരിക്കും.

ചട്ടപ്രകാരം അനുവദിച്ച 93 (സ്ത്രീ ഗവേഷകർക്ക് പരമാവധി 105) ദിവസത്തിന് ശേഷമുള്ള എത്ര അവധിക്കും മാർഗദർശിയുടെ ശുപാർശ ഉണ്ടായിരിക്കേണ്ടതാണ്. ഇതിന് സ്കൂൾ ഡയറക്ടറുടെ അനുമതിയും ആവശ്യമാണ്. ഈ വ്യവസ്ഥ പാലിക്കാത്ത ഏത് അവധിയും അനധികൃതമായി കണക്കാക്കിക്കൊണ്ട് രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതാണ്.

## 7. ഗവേഷണ ഉപദേശകസമിതി (ഗവേഷണ പുരോഗതി വിലയിരുത്തൽ സമിതി)

7.1 ഒരു ഗവേഷണ ഉപദേശകസമിതിയോ, സർവ്വകലാശാല നിയമാനുസൃതമായി രൂപീകരിച്ച തത്തുല്യ സമിതിയോ (ഗവേഷണ പുരോഗതി വിലയിരുത്തൽ സമിതി) ഓരോ ഗവേഷകന്റെ/ഗവേഷകയുടെയും ഗവേഷണ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഗവേഷകന്റെ/ഗവേഷകയുടെ മാർഗ്ഗദർശിയാവും സമിതി കൺവീനർ. സ്കൂൾ ഡയറക്ടർ, ഡയറക്ടർ മുഖേന മാർഗ്ഗദർശി സമർപ്പിക്കുന്ന പട്ടികയിൽനിന്നും വൈസ് ചാൻസലർ തെരഞ്ഞെടുക്കുന്ന വിഷയവിദഗ്ദ്ധൻ എന്നിവരായിരിക്കും സമിതിയിലെ മറ്റംഗങ്ങൾ.

**ഇനി പറയുന്നവയാണ് ഈ സമിതിയുടെ കർത്തവ്യങ്ങൾ.**

7.1.1 ഗവേഷണവിഷയം പുനഃപരിശോധിച്ച് തീർച്ചയാക്കുക.

7.1.2 ഗവേഷണ വിഷയത്തിനനുസൃതമായ രീതിശാസ്ത്രം കണ്ടെത്തുക, പഠനമാതൃക വികസിപ്പിക്കുക, അനുയോജ്യമായ പാഠ്യക്രമം നിശ്ചയിക്കുക തുടങ്ങിയ കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുക.

7.1.3 ഗവേഷണപുരോഗതി വിലയിരുത്തുക.

7.2 ഓരോ ഗവേഷകനും/ഗവേഷകയും ആറുമാസത്തിലൊരിക്കൽ ഗവേഷണ ഉപദേശകസമിതിക്ക് മുന്നിൽ ഹാജരായി ഗവേഷണ പ്രവർത്തനങ്ങൾ അവതരിപ്പിക്കേണ്ടതും മൂല്യനിർണ്ണയത്തിന് തയ്യാറാകേണ്ടതുമാണ്. ഗവേഷണത്തിനാവശ്യമായ വസ്തുതാ സമാഹരണം, പ്രബന്ധരചനയിലെ പുരോഗതി, സെമിനാർ, ശില്പശാല തുടങ്ങിയവയിലെ പങ്കാളിത്തം, പ്രബന്ധാവതരണം, പ്രസിദ്ധീകരണം തുടങ്ങിയവ വിലയിരുത്തലിന്റെ ഭാഗമായി പരിഗണിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ആറ് റിപ്പോർട്ടുകൾ ഉപദേശകസമിതി സർവ്വകലാശാലയ്ക്കു സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ടുകളുടെ ഓരോ കോപ്പി വിദ്യാർത്ഥികൾക്ക് നൽകേണ്ടതുണ്ട്.

7.3 ഗവേഷണ പുരോഗതി, കമ്മിറ്റിക്ക് തൃപ്തികരമല്ലെങ്കിൽ, ഗവേഷണ പുരോഗതി കൈവരിക്കാനായി ഒരവസരം കൂടി നൽകാവുന്നതാണ്. തുടർന്നുള്ള കാലയളവുകളിലും പുരോഗതി കൈവരിക്കുന്നില്ലെങ്കിൽ ഗവേഷണ ഉപദേശകസമിതിക്ക് ഫെല്ലോഷിപ്പ് നിർത്തലാക്കാൻ ശുപാർശ ചെയ്യാം. തുടർന്നും ഗവേഷണ പുരോഗതി കാണുന്നില്ലെങ്കിൽ പ്രവേശനം റദ്ദു ചെയ്യാൻ സമിതി ശുപാർശ ചെയ്യേണ്ടതുണ്ട്.

## 8. പ്രബന്ധസമർപ്പണം, മൂല്യനിർണ്ണയം

8.1 പിഎച്ച്.ഡി ഗവേഷണത്തിന് പ്രവേശനം നേടിയവരെ മൂന്നുവർഷം തികയാതെയും, എം.ഫില്ലിനു ശേഷം പിഎച്ച്.ഡി.ക്കു ചേർന്നവരെ രണ്ടരവർഷം തികയാതെയും പ്രബന്ധം സമർപ്പിക്കാൻ അനുവദിക്കുന്നതല്ല.

8.2 പിഎച്ച്.ഡി ഗവേഷകർ പ്രബന്ധ സമർപ്പണത്തിന് മുൻപ് സമർപ്പണപൂർവ്വ അവതരണം (പ്രീ-സബ്മിഷൻ) നടത്തേണ്ടതാണ്.

8.2.1 സമർപ്പണപൂർവ്വ അവതരണ ഫീസ് വിവരങ്ങൾ, അപേക്ഷാ ഫോറം എന്നിവ മാർഗ്ഗദർശിയുടെ ശുപാർശയോടെ ഒരു മാസം മുമ്പ് ഡയറക്ടർ മുഖേന രജിസ്ട്രാർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

8.2.2 സമർപ്പണപൂർവ അവതരണാർത്ഥം രൂപീകരിക്കുന്ന സമിതിയിൽ ഡയറക്ടർ, മാർഗ്ഗദർശി, ഗവേഷണ പുരോഗതി വിലയിരുത്തൽ സമിതിയിലെ വിദഗ്ദ്ധാംഗം, സ്കൂളിലെ സ്ഥിരം അധ്യാപകർ എന്നിവർ അംഗങ്ങളായിരിക്കും.

8.2.3 സമർപ്പണ പൂർവ്വ അവതരണ സമിതി ചെയർപേഴ്സൺ ഗവേഷണ മാർഗ്ഗദർശിയായിരിക്കും.

8.2.4 സമർപ്പണ പൂർവ്വ അവതരണ സെമിനാറിൽ ഗവേഷക/ൻ, പൂർവ്വപഠനങ്ങൾ, രീതിശാസ്ത്രം, പ്രബന്ധസംഗ്രഹം എന്നിവ അടങ്ങുന്ന അവതരണങ്ങൾ നടത്തേണ്ടതാണ്.

8.2.5 ഗവേഷക/ൻ, അവതരണ വേളയിൽ, മാതൃകാ പ്രബന്ധം പ്രദർശിപ്പിക്കേണ്ടതാണ്.

8.2.6 സമർപ്പണപൂർവ്വ അവതരണ സെമിനാറിൽ ഫാക്കൽറ്റി അംഗങ്ങളും ഗവേഷകരും പങ്കെടുക്കേണ്ടതും പ്രബന്ധ സംഗ്രഹാവതരണ ശേഷം തുറന്ന ചർച്ച നടത്തേണ്ടതുമാണ്.

8.2.7 ഗവേഷക/ഗവേഷകൻ ചർച്ചയ്ക്ക് യുക്തിഭദ്രമായ മറുപടി നൽകേണ്ടതാണ്.

8.2.8 ചെയർപേഴ്സൺ സമർപ്പണ പൂർവ്വ അവതരണ സെമിനാറിലെ അഭിപ്രായങ്ങൾ ക്രോഡീകരിക്കേണ്ടതാണ്.

8.2.9 ഇതിനനുസരിച്ച് തയ്യാറാക്കുന്ന പ്രബന്ധം മൂന്നു മാസത്തിനുള്ളിൽ സമർപ്പിക്കുവാൻ സമിതി അനുമതി നൽകേണ്ടതും യോഗത്തിന്റെ മിനുട്സ്, മറ്റു രേഖകളോടൊപ്പം രജിസ്ട്രാർക്ക് നൽകേണ്ടതുമാണ്.

**8.3** സമർപ്പണ പൂർവ അവതരണത്തിന് ഗവേഷകർ നൽകേണ്ട രേഖകൾ

1.ഫീസ് വിവരങ്ങൾ

2.മാർഗ്ഗദർശിയുടെ ശുപാർശയോടെയുള്ള അപേക്ഷാഫോറം

3.മാതൃകാ പ്രബന്ധം

4.പ്രബന്ധ സംഗ്രഹം (4 കോപ്പി)

5.മാർഗ്ഗദർശി സാക്ഷ്യപ്പെടുത്തിയ മൂന്നുവർഷത്തെ ഗവേഷണപുരോഗതിയുടെ റിപ്പോർട്ട്

6.കോഴ്സ് വർക്ക് സംബന്ധമായ വിശദവിവരങ്ങൾ

7.സമർപ്പണപൂർവ്വ അവതരണത്തിന് ഗവേഷക/ൻ തയ്യാറാണെന്ന മാർഗ്ഗദർശിയുടെ സാക്ഷ്യപത്രം.

### 8.4 പ്രബന്ധസമർപ്പണം

8.4.1 പിഎച്ച്.ഡി ഗവേഷകർക്ക് പ്രബന്ധ സമർപ്പണത്തിന്/മൂല്യനിർണ്ണയത്തിന് യു.ജി.സി./സർവ്വകലാശാല അംഗീകരിച്ച ഗവേഷണ ജേണലുകളിൽ, കുറഞ്ഞത് ഒരു പ്രസിദ്ധീകരണവും ദേശീയസെമിനാർ/കോൺഫറൻസ് എന്നിവയിൽ രണ്ട് പ്രബന്ധാവതരണവും നിർബന്ധമാണ്. പ്രബന്ധ സമർപ്പണത്തിനുള്ള അപേക്ഷയോടൊപ്പം ഇവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ കാലാകാലങ്ങളിലുള്ള യു.ജി.സി. മാനദണ്ഡം ബാധകമാകുന്നതാണ്. സർവ്വകലാശാല അംഗീകരിക്കുന്ന ജേണലുകളുടെ ലിസ്റ്റ് അതത് പഠനവകുപ്പുകൾ തയ്യാറാക്കേണ്ടതാണ്.

**8.5** അപേക്ഷയോടൊപ്പം സർവകലാശാല/ഹോസ്റ്റൽ/ലൈബ്രറി എന്നിവിടങ്ങളിലൊന്നും യാതൊരു കുടിശ്ശികയും ഇല്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന 'കുടിശ്ശിക രഹിത സാക്ഷ്യപത്രം' സമർപ്പിക്കണം.

**8.6** പിഎച്ച്.ഡി ഗവേഷകർ ബൈന്റ് ചെയ്ത നാല് പ്രബന്ധം, അംഗീകരിച്ച പ്രബന്ധ രൂപരേഖയുടെ ഒമ്പത് കോപ്പികൾ, എന്നിവ മാർഗ്ഗദർശിയുടെ സാക്ഷ്യപ്പെടുത്തലോടെ രജിസ്ട്രാർക്ക് സമർപ്പിക്കണം. പ്രബന്ധത്തിന്റെ സോഫ്റ്റ് കോപ്പി ഇമെയിൽ മുഖേന റിസർച്ച് ഡയറക്ടർക്ക് നൽകേണ്ടതാണ്.

**8.7** അധ്യയന മാധ്യമം മലയാളമായതിനാൽ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ പ്രബന്ധരചന നിർവഹിക്കേണ്ടത് മലയാളത്തിലാണ്. എന്നിരുന്നാലും, സർവ്വകലാശാലയിലെ ഗവേഷകരുടെ ഉപരിപഠനസാധ്യതകൾ മുൻനിർത്തി അവർ ആവശ്യപ്പെടുന്ന പക്ഷം, പ്രബന്ധത്തിന്റെ ഒരു പകർപ്പ് മറ്റേതെങ്കിലും ഭാഷയിൽ തയ്യാറാക്കി, മാർഗ്ഗദർശി സാക്ഷ്യപ്പെടുത്തി നൽകാവുന്നതാണ്.

**8.8** ഗവേഷണ പ്രബന്ധങ്ങളിൽ ഗവേഷണ വിഷയം ഉൾപ്പെട്ട വിവരങ്ങൾ അടങ്ങുന്ന പേജ് മലയാളത്തിലും, ആയതിന്റെ ഇംഗ്ലീഷ് പരിഭാഷ തൊട്ടടുത്ത പേജിലും പൂർണ്ണമായി നൽകണം.

**8.9** അതതു വിഷയത്തിന് അനുയോജ്യമായതും അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടതുമായ സ്റ്റൈൽ ഷീറ്റുകൾ ഓരോ ഫാക്കൽറ്റിയും തിരഞ്ഞെടുക്കേണ്ടതും സ്കൂളിൽ സമർപ്പിക്കുന്ന എല്ലാ പ്രബന്ധങ്ങളിലും ഒരേ മാതൃക പുലർത്തേണ്ടതുമാണ്.

**8.10** പ്രബന്ധങ്ങളിലെ ആശയചോരണം (Plagiarism) ഉൾപ്പെടെ കണ്ടെത്തുവാൻ പ്രാപ്തമായ സോഫ്റ്റ്‌വെയറുകൾ, ഗാഡ്ജറ്റുകൾ എന്നിവ സർവ്വകലാശാലകളിൽ സ്ഥാപിക്കേണ്ടതാണ്. അത് സാദ്ധ്യമാകാത്ത സാഹചര്യത്തിൽ ഗവേഷക/ൻ പ്രബന്ധത്തിന്റെ ആധികാരികതയെ സംബന്ധിച്ച

സത്യപ്രസ്താവന, മാർഗ്ഗദർശിയുടെ സാക്ഷ്യപത്രം എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്.

**8.11** പ്രബന്ധം യുണികോഡ് ലിപിയില് തന്നെ തയ്യാറാക്കേണ്ടതാണ്.

**8.12** പിഎച്ച്.ഡി പ്രബന്ധങ്ങൾ തയ്യാറാക്കേണ്ട മാതൃക താഴെ കൊടുക്കുന്നു:

**കവർ പേജ്**

പ്രബന്ധവിഷയം ..........
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ...................................... ഫാക്കൽറ്റിയിലെ..........................................സ്കൂളിൽ സമർപ്പിക്കുന്ന പ്രബന്ധം
സർവകലാശാലാ ലോഗോ
ഗവേഷണ വിദ്യാർത്ഥിയുടെ പേര്
രജി. നമ്പർ:
സ്കൂൾ
ഫാക്കൽറ്റി
തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല അക്ഷരം കാമ്പസ്, വാക്കാട് പി.ഒ., തിരൂർ - 676 502
തീയതി.

**ആദ്യത്തെ പേജ്**

പ്രബന്ധവിഷയം ..........
തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ...................................... ഫാക്കൽറ്റിയിലെ ................................ സ്കൂളിൽ സമർപ്പിക്കുന്ന പ്രബന്ധം.
സർവകലാശാല ലോഗോ
ഗവേഷണ വിദ്യാർത്ഥിയുടെ പേര്
രജി. നമ്പർ:
സ്കൂൾ
ഫാക്കൽറ്റി
തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല അക്ഷരം കാമ്പസ്, വാക്കാട് പി.ഒ., തിരൂർ - 676 502
തീയതി.

**രണ്ടാമത്തെ പേജ്**

## സത്യപ്രസ്താവന

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല .................................... ഫാക്കൽറ്റിയിലെ .................................... സ്കൂളിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി സമർപ്പിക്കുന്ന ...................................................................................... എന്ന പ്രബന്ധം ..............................................................ന്റെ മാർഗ്ഗനിർദ്ദേശിത്വത്തിൽ ഞാൻ തയ്യാറാക്കിയതാണെന്നും ഇത് മറ്റൊരംഗീകാരത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും ഇതിൽ രീതിശാസ്ത്രമനുസരിച്ചുള്ള ഉദ്ധരണികളല്ലാതെ മറ്റു കൃതികളിൽ നിന്നോ ഗവേഷണ പ്രബന്ധങ്ങളിൽ നിന്നോ ആശയചോരണം നടത്തിയിട്ടില്ല എന്നും സത്യപ്രസ്താവന നടത്തുന്നു.

ഗവേഷണ വിദ്യാർഥിയുടെ ഒപ്പ്

പേര്

സ്ഥലം:
തീയതി:

**മൂന്നാമത്തെ പേജ്**

മാർഗ്ഗദർശിയുടെ പേര്

ഔദ്യോഗികവിലാസം

## സാക്ഷ്യപത്രം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല .................................... ഫാക്കൽറ്റിയിലെ .................................... സ്കൂളിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ................................................ സമർപ്പിക്കുന്ന ...................................................................................... എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശിത്വത്തിൽ തയ്യാറാക്കിയതാണെന്നും ഇത് മറ്റൊരു അംഗീകാരത്തിനും വേണ്ടി സമർപ്പിച്ചിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു. എന്റെ അറിവിൽ ഈ പ്രബന്ധത്തിൽ രീതിശാസ്ത്രമനുസരിച്ചുള്ള ഉദ്ധരണികളല്ലാതെ മറ്റു കൃതികളിൽ നിന്നോ ഗവേഷണപ്രബന്ധങ്ങളിൽ നിന്നോ ആശയചോരണം നടത്തിയിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
മാർഗ്ഗദർശിയുടെ പേര്

സ്ഥലം:
തീയതി:

**<u>നാലാമത്തെ പേജ്</u>**

**സാക്ഷ്യപത്രം**

.................................................................................................................................. എന്ന ഈ പ്രബന്ധത്തിന്റെ സമർപ്പണപൂർവാവതരണം .......................................ൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ നടന്നു. ചർച്ചയിലുണ്ടായ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നടത്തിയാണ് പ്രബന്ധം സമർപ്പിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഗവേഷണവുമായി ബന്ധപ്പെട്ട കോഴ്സ് വർക്ക് പരീക്ഷ (രജി. നമ്പർ ........................., പേപ്പർ I - .........................................., പേപ്പർ II - ....................................., പേപ്പർ III - ................................................................ പേപ്പർ IV - .............................................................) ......................................... (വർഷം) ......................................... (മാസം) ത്തിൽ വിജയിച്ചിട്ടുണ്ട്. പ്രബന്ധസമർപ്പണവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
മാർഗ്ഗദർശിയുടെ പേര്
ഔദ്യോഗികവിലാസം

ഒപ്പ്
ഗവേഷകന്റെ/യുടെ പേര്
വകുപ്പ്

ഒപ്പ്
ഡയറക്ടറുടെ പേര്

ഓഫീസ് മുദ്ര

സ്ഥലം:
തീയതി:

## 9. പ്രബന്ധ മൂല്യനിർണയം

### 9.1 പിഎച്ച്.ഡി പ്രബന്ധ പരിശോധകർ

#### 9.1.1 പ്രബന്ധ പരിശോധകരുടെ നിയമനം

9.1.1.1 പിഎച്ച്.ഡി ഗവേഷണ വിദ്യാർത്ഥി പ്രബന്ധരൂപരേഖ സമർപ്പിച്ചുകഴിഞ്ഞ് മാർഗ്ഗദർശി വൈസ് ചാൻസലർക്ക് പത്തു പേരുടെ പരിശോധക പാനൽ പ്രഫോർമ സഹിതം സമർപ്പിക്കണം (പ്രഫോർമ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു). വൈസ് ചാൻസലർ ഈ പാനലിൽ നിന്ന്

രണ്ടുപേരെ തെരഞ്ഞെടുക്കും. ഇവർ മലയാള ഭാഷയിൽ തികഞ്ഞ ആശയവിനിമയ സിദ്ധിയുള്ളവരായിരിക്കണം. വൈസ് ചാൻസലർ തീരുമാനിക്കുന്ന ആളായിരിക്കും ചെയർപേഴ്സൺ.

## 9.2 പ്രബന്ധപരിശോധന

9.2.1 വൈസ് ചാൻസലർ നിയമിച്ച പരിശോധകരിൽനിന്ന് അനുമതി വാങ്ങിയതിനു ശേഷം, രജിസ്ട്രാർ, പ്രബന്ധം അവർക്ക് എത്തിച്ചു കൊടുക്കുവാനുള്ള നടപടി കൈക്കൊള്ളണം. കൂടാതെ, മാർഗ്ഗദർശിയും പ്രബന്ധം പരിശോധിച്ച് റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

9.2.2 പരിശോധകർ വിശദമായ റിപ്പോർട്ട് രജിസ്ട്രാർക്ക് നൽകണം. പിഎച്ച്.ഡി യോഗ്യതയുണ്ടോ ഗവേഷണ നിലവാരുമുണ്ടോ വാചാപരീക്ഷ ആവശ്യമാണോ, പരിഷ്കരിക്കണമോ, തിരസ്കരിക്കണമോ എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് ആയിരിക്കണം ഇത്.

9.2.3 പ്രബന്ധത്തിന് നിലവാരമില്ലെങ്കിൽ ഡിഗ്രി നൽകാൻ ശുപാർശ ചെയ്യരുത്. പുതുനിരീക്ഷണം, പുനർവായന, മാതൃകാപരിഷ്കരണം, രീതിശാസ്ത്ര മികവ് എന്നിവ തൃപ്തികരമല്ലെങ്കിൽ പരിശോധകർ ഡിഗ്രി നൽകാൻ ശുപാർശ ചെയ്യരുത്.

9.2.4 ഏതെങ്കിലും കാരണവശാൽ പ്രബന്ധം പരിഷ്കരിക്കുവാൻ ആവശ്യപ്പെട്ടാൽ പരിശോധകർ അതിന്റെ കാരണവും, ഏതുതരം പരിഷ്കരണമാണ് നിർദ്ദേശിക്കുന്നത് എന്നും വിശദമാക്കണം.

9.2.5 പ്രബന്ധം തിരസ്കരിക്കാനാണ് ശുപാർശയെങ്കിൽ തൃപ്തികരമായ കാരണം കാണിക്കണം.

9.2.6 പ്രബന്ധം ഒരാൾ തിരസ്കരിച്ചാൽ പാനലിൽനിന്ന് മറ്റൊരാൾക്ക് അയക്കാൻ വൈസ് ചാൻസലർക്ക് നിർദ്ദേശിക്കാവുന്നതാണ്.

9.2.7 രണ്ടു പേർ തിരസ്കരിച്ചാൽ പിഎച്ച്.ഡി ബിരുദം നേടുന്നതിന് അർഹതയുണ്ടാവില്ല.

## 9.3 പിഎച്ച്.ഡി തുറന്ന വാചാപരീക്ഷ

9.3.1 രജിസ്ട്രാർക്ക് ലഭിക്കുന്ന റിപ്പോർട്ടുകൾ തൃപ്തികരമാണെങ്കിൽ, മൂന്നു പരിശോധകരും ഡിഗ്രി നൽകാനും വാചാപരീക്ഷ നടത്താനും ശുപാർശ ചെയ്യുന്നുണ്ടെങ്കിൽ വൈസ് ചാൻസലറുടെ അനുമതി പ്രകാരം വാചാപരീക്ഷ നടത്തണം.

9.3.2 ഏതെങ്കിലും കാരണവശാല് പരിശോധകർ ഡിഗ്രി നൽകാനും വാചാപരീക്ഷ നടത്താനും ശുപാർശ ചെയ്തിട്ടില്ല എങ്കിൽ രജിസ്ട്രാർ താഴെപറയുന്ന പ്രകാരമുള്ള നടപടികൾ കൈക്കൊള്ളണം.

9.3.2.1 പരിശോധകൻ പ്രബന്ധം പരിഷ്ക്കരിക്കണമെന്ന് എഴുതിയാൽ പ്രബന്ധം സമർപ്പിച്ച ഗവേഷകനോട് പ്രബന്ധം പരിഷ്ക്കരിക്കാൻ അവശ്യപ്പെടണം.

9.3.2.2 ആറുമാസത്തിനുള്ളിൽ അപ്രകാരം പരിഷ്കരിച്ച പ്രബന്ധം ഗവേഷകൻ രജിസ്ട്രാർക്ക് സമർപ്പിക്കണം.

9.3.2.3 പരിഷ്കരിച്ച പ്രബന്ധം, പരിഷ്കരണം നിർദ്ദേശിച്ച പരിശോധകന് രജിസ്ട്രാർ അയച്ചു നൽകണം. പരിഷ്കരിച്ചത് തൃപ്തികരമാണെങ്കിൽ അദ്ദേഹത്തിന്റെ ശുപാർശ പ്രകാരം രജിസ്ട്രാർ, വൈസ് ചാൻസലറുടെ അനുമതിയ്ക്ക് വിധേയമായി വാചാപരീക്ഷ നടത്തുവാനുള്ള നടപടി സ്വീകരിയ്ക്കണം.

9.3.2.4 ഏതെങ്കിലും സാഹചര്യത്തിൽ, പരിഷ്കരിച്ച പ്രബന്ധം പരിശോധിച്ചതിന് ശേഷവും തൃപ്തികരമല്ല എന്നാണ് ഫലമെങ്കിൽ, രജിസ്ട്രാർ നേരത്തെ സമർപ്പിച്ചിട്ടുള്ള പാനലിൽ നിന്ന് മറ്റൊരു പരിശോധകനെ തെരഞ്ഞെടുക്കാൻ വൈസ് ചാൻസലറോട് ശുപാർശ ചെയ്യണം.

9.3.2.5 നാലാം പരിശോധകന്റെ തീരുമാനമനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളണം. മൂന്നു പരിശോധകരും ശുപാർശ ചെയ്യാതെ ഡിഗ്രി നൽകുവാൻ പാടുള്ളതല്ല.

9.3.2.6 പ്രബന്ധ പരിശോധനാ റിപ്പോർട്ട് വിലയിരുത്തി അവരിൽ നിന്നും വാചാ പരീക്ഷാ ചെയർപേഴ്സനെ വൈസ് ചാൻസലർ തീരുമാനിക്കണം.

9.3.2.7 വൈസ് ചാൻസലർ നിശ്ചയിച്ചിട്ടുള്ള ബാഹ്യപരിശോധകൻ, സ്കൂൾ ഡയറക്ടർ, മാർഗ്ഗദർശി എന്നിവർ വാചാ പരീക്ഷ ബോർഡിൽ ഉണ്ടായിരിക്കണം. ബാഹ്യ പരിശോധകൻ ചെയർപേഴ്സനും മാർഗ്ഗദർശി കൺവീനറും ആയിരിക്കും.

9.3.2.8 എല്ലാ ഫാക്കൽറ്റി അംഗങ്ങളും ഗവേഷകരും പങ്കെടുക്കുന്ന തുറന്ന വേദിയിലായിരിക്കണം തുറന്ന വാചാ പരീക്ഷ. (കുറഞ്ഞത് 30 പേരെങ്കിലും പങ്കെടുത്തിരിക്കണം)

9.3.2.9 സർവകലാശാലാ കാമ്പസ്സിലാണ് തുറന്ന വാചാ പരീക്ഷ നടത്തുക. പ്രത്യേക സാഹചര്യത്തിൽ രജിസ്ട്രാറുടെ ശുപാർശ പ്രകാരം

വൈസ് ചാൻസലർക്ക് കാമ്പസിന് പുറത്തു വെച്ചോ ഓൺലൈൻ ആയോ നടത്താൻ അനുവദിക്കാം.

9.3.2.10 വാചാ പരീക്ഷാ ബോർഡ് ഗവേഷകന്റെ അവതരണം, ചോദ്യങ്ങൾക്കുള്ള മറുപടി, നിരീക്ഷണം, ഇവ കേട്ട് തൃപ്തി വന്നാൽ മാത്രമേ ഡിഗ്രി നൽകാൻ ശുപാർശ ചെയ്യാവൂ.

9.3.2.11 തുറന്ന വാചാ പരീക്ഷ (ഓപ്പൺ വൈവ) മാത്രമേ അനുവദനീയമായുള്ളൂ.

9.3.2.12 എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകുന്ന പക്ഷം ബാഹ്യ പരിശോധകന്റെ (ചെയർപേഴ്സന്റെ) തീരുമാനം അന്തിമമായിരിക്കും.

9.3.2.13 വാചാ പരീക്ഷാ ബോർഡിന്റെ ശുപാർശയും മറ്റു രേഖകളും ഡയറക്ടർ, അക്കാദമിക് കൗൺസിലിന്റെ അംഗീകാരം വാങ്ങാനായി രജിസ്ട്രാർക്ക് കൈമാറണം. അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തെത്തുടർന്ന് ആദ്യം പ്രൊവിഷണൽ സർട്ടിഫിക്കറ്റും നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെ പിന്നീട് പിഎച്ച്.ഡി ബിരുദ സർട്ടിഫിക്കറ്റും നൽകണം.

**9.4 ഗ്രേഡിംഗ് സമ്പ്രദായം**

കോഴ്സ് വർക്കിന് ആറ് പോയിന്റ് അടിസ്ഥാനത്തിലാണ് ഗ്രേഡ് അനുവദിക്കുക.

| | | |
|---|---|---|
| 90% മുതൽ 100% വരെ | 5.5 മുതൽ 6.0 വരെ | O (Outstanding) |
| 80% മുതൽ 89.99% വരെ | 4.5 മുതൽ 5.49 വരെ | A+ |
| 70% മുതൽ 79.99% വരെ | 4.0 മുതൽ 4.49 വരെ | A |
| 60% മുതൽ 69.99% വരെ | 3.5 മുതൽ 3.99 വരെ | B+ |
| 50% മുതൽ 59.99% വരെ | 3.0 മുതൽ 3.49 വരെ | B |
| 50% ത്തിൽ താഴെ | | F |

**9.5** പിഎച്ച്.ഡി പ്രബന്ധസമർപ്പണം മുതൽ ആറു മാസത്തിനുള്ളിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കേണ്ടതാണ്.

## 10. ഡീ-രജിസ്ട്രേഷൻ

10.1 അനുവദനീയമായ ഗവേഷണ കാലാവധിക്കു ശേഷം സ്വാഭാവികമായ അധിക കാലാവധി പൂർത്തീകരിച്ച ഗവേഷക വിദ്യാർത്ഥിക്ക് ഡീ-രജിസ്റ്റർ ചെയ്യാനുള്ള അവസരമുണ്ടായിരിക്കും. കോഴ്സ് വർക്കും രണ്ടുവർഷ കാലാവധിയും പൂർത്തിയാക്കിയ ഗവേഷകർക്ക് മതിയായ കാരണങ്ങളുണ്ടെങ്കിൽ ഡീ-രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്. അത്തരം അപേക്ഷകർ തങ്ങളുടെ മാർഗദർശി മുഖേന ഗവേഷണ ഉപദേശക സമിതിക്ക് വ്യക്തമായ കാരണങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഡീ-രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

10.2 ഡീ-രജിസ്ട്രേഷനുവേണ്ടിയുള്ള കാരണങ്ങൾ തൃപ്തികരമാണെങ്കിൽ ഗവേഷണ ഉപദേശക സമിതിക്ക് ഗവേഷകരുടെ ഡീ-രജിസ്ട്രേഷനുവേണ്ടി ശുപാർശ ചെയ്യാം. ഗവേഷകർക്ക് ഡീ-രജിസ്റ്റർ ചെയ്യാനുള്ള ഉത്തരവ് വൈസ് ചാൻസലർ അനുവദിക്കേണ്ടതുണ്ട്.

10.3 ഡീ-രജിസ്ട്രേഷൻ ചെയ്ത ഗവേഷകർക്ക് നിർവാഹക സമിതി നിർദ്ദേശിച്ച തുക ഒടുക്കിക്കൊണ്ട് നിശ്ചിത മാതൃകയിൽ ഗവേഷക ഉപദേശക സമിതിക്കു മുമ്പാകെ റീ-രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കാവുന്നതും ഗവേഷണം തുടരാവുന്നതുമാണ്.

10.4 റീ-രജിസ്ട്രേഷൻ ചെയ്ത ഗവേഷകർ ഗവേഷണപ്രബന്ധം റീ-രജിസ്ട്രേഷനു ശേഷം ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കണം.

10.5 റീ-രജിസ്ട്രേഷനും ഡീ-രജിസ്ട്രേഷനും ഉൾപ്പെടെയുള്ള ആകെ ഗവേഷണ കാലയളവ് 10 വർഷം കവിയരുത്. അല്ലാത്തപക്ഷം ഗവേഷകവിദ്യാർത്ഥിയുടെ പ്രവേശനം സ്വയമേവ റദ്ദായിത്തീരും.

10.6 ഡീ-രജിസ്ട്രേഷൻ കാലയളവിൽ ഗവേഷകർ ആവശ്യമായ പിഎച്ച്.ഡി. സെമസ്റ്റർ ഫീസ് അടയ്ക്കേണ്ടതില്ല.

10.7 ഒരു ഗവേഷകവിദ്യാർത്ഥി ഡീ-രജിസ്റ്റർ ചെയ്യുമ്പോൾ, ആ ഗവേഷക വിദ്യാർത്ഥിയുടെ മാർഗദർശിക്ക് ഒരു ഒഴിവ് ഉള്ളതായി കണക്കാക്കപ്പെടും.

10.8 ഡീ-രജിസ്ട്രേഷന് മുൻപ് ഗവേഷകർ മുഴുവൻ ഫീ കുടിശ്ശികയും ഒടുക്കിയിരിക്കണം. അല്ലാത്തപക്ഷം അയാൾക്ക് റീ-രജിസ്ട്രേഷന് അർഹത ഇല്ലാതായിത്തീരും.

10.9 2022 റഗുലേഷന്റെ 5.4-ൽ പരാമർശിക്കുന്ന പ്രകാരം ഒരു പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ എന്നിവർക്ക് സ്വീകരിക്കാവുന്ന പരമാവധി ഗവേഷകരുടെ എണ്ണത്തിൽ കവിഞ്ഞുള്ളതായി റീ-രജിസ്റ്റർ ചെയ്ത ഗവേഷകർ പരിഗണിക്കപ്പെടും.

10.10 ഒരു ഗവേഷകവിദ്യാർത്ഥി റീ-രജിസ്റ്റർ ചെയ്യുന്ന സമയത്ത് മാർഗദർശിയായ അധ്യാപിക/കൻ വിരമിച്ച സാഹചര്യത്തിൽ രജിസ്ട്രേഷൻ കാലയളവിലേക്കായി ഒരു സഹമാർഗദർശിയെ നിയമിക്കേണ്ടതാണ്.

10.11 ഡീ-രജിസ്റ്റർ ചെയ്ത ഗവേഷകർക്ക് റീ-രജിസ്ട്രേഷൻ കാലയളവിലുള്ള ഫെല്ലോഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**11. ഇൻഫ്ളിബ്നെറ്റ്**

11.1 പിഎച്ച്.ഡി പ്രബന്ധമൂല്യനിർണയ പ്രക്രിയകൾ അവസാനിച്ച്, ബിരുദ സമർപ്പണത്തിനു മുൻപായി പ്രബന്ധം **ശോധ്ഗംഗയിൽ (Shodhganga)** അപ് ലോഡ് ചെയ്യേണ്ടതാണ്.

11.2 ബിരുദദാനത്തിനു മുമ്പുതന്നെ ഓരോരുത്തർക്കും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. യു.ജി.സി. റഗുലേഷൻസ് 2016 ലെ (Minimum Standards and Procedures for Award of Ph. D Degree) നിബന്ധനകളും 2018 ലെ ഭേദഗതിയും പാലിച്ചിട്ടുണ്ട് എന്ന് ബിരുദത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽപറഞ്ഞ ചട്ടങ്ങളും നിബന്ധനകളും നടപ്പാക്കുന്നതിൽ എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളോ അവ്യക്തതയോ ഉണ്ടായാൽ അത് വൈസ്ചാൻസലറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. ഇത്തരം വിഷയങ്ങളിൽ വൈസ് ചാൻസലറുടെ തീരുമാനം അന്തിമമായിരിക്കും.

**ഗവേഷണ ഡയറക്ടർ**

അനുബന്ധം 1

## അഭിമുഖ മൂല്യനിർണയ ഫാറം

### പിഎച്ച്.ഡി

| നം. | രജി. നം. | വിദ്യാർത്ഥിയുടെ പേര് | ഗവേഷണാഭിരുചി (5) | രീതിശാസ്ത്രത്തിലുള്ള വ്യക്തത (5) | പ്രമേയം (5) | അവതരണം (5) | ഗവേഷണ സാധ്യത(5) | പശ്ചാത്തല വിജ്ഞാനം (5) | ആകെ മാർക്ക് (30) | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| 1 | | | | | | | | | | |
| 2 | | | | | | | | | | |
| 3 | | | | | | | | | | |
| 4 | | | | | | | | | | |
| 5 | | | | | | | | | | |
| 6 | | | | | | | | | | |
| 7 | | | | | | | | | | |
| 8 | | | | | | | | | | |
| 9 | | | | | | | | | | |
| 10 | | | | | | | | | | |

അഭിമുഖ ബോർഡിൽ പങ്കെടുത്ത
അധ്യാപകരുടെ പേരും ഒപ്പും.

സ്കൂൾ ഡയറക്ടറുടെ ഒപ്പ്

* എല്ലാ കോളങ്ങളിലും മാർക്ക് രേഖപ്പെടുത്തേണ്ടതാണ്.

## അനുബന്ധം 2

# പിഎച്ച്.ഡി പ്രബന്ധ പരിശോധകരുടെ പാനൽ

## പ്രഫോർമ

---

### വ്യക്തിഗതവിവരങ്ങൾ

1. പേര് :

2. ഔദ്യോഗിക പദവി :

3. ഔദ്യോഗിക വിലാസം :

4. സ്ഥിരമായ മേൽവിലാസം :

   മൊബൈൽ ഫോൺ നമ്പർ :

   ഇ-മെയിൽ :

5. അധ്യാപന പരിചയം :

6. ഗവേഷണപരിചയം/
   മാർഗദർശിയായുള്ള കാലയളവ് :

7. മാർഗദർശിത്വത്തിൽ പ്രബന്ധം
   സമർപ്പിച്ചിട്ടുണ്ടോ? എങ്കിൽ എത്രപേർ? :

8. സവിശേഷപഠനമേഖലകൾ :

പേര്

ഒപ്പ്

അനുബന്ധം 3

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

## മാസാന്ത്യ ഗവേഷണ പുരോഗതി റിപ്പോർട്ട് - പിഎച്ച്. ഡി

വർഷം ...................... മാസം .................

1. ഗവേഷക/ഗവേഷകന്റെ പേര് :
2. പൂർണ്ണസമയ ഗവേഷണം / ഭാഗികസമയ ഗവേഷണം
3. പഠന സ്കൂളിന്റെ പേര് :
4. ഗവേഷക/ഗവേഷകന്റെ
   രജിസ്ട്രേഷൻ നമ്പറും
   തീയതിയും :
5. മാർഗ്ഗദർശിയുടെ പേര് :
6. മാസാന്ത്യ ഗവേഷണ പുരോഗതി റിപ്പോർട്ട് :

7. മാർഗ്ഗദർശിയുടെ ശിപാർശയും ഒപ്പും:

പഠനസ്കൂൾ ഡയറക്ടറുടെ ശിപാർശയും ഒപ്പും

അനുബന്ധം 4


തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230


# പ്രീ-സബ്മിഷൻ റിപ്പോർട്ട്

കോഴ്സ് വിവരം :

വിദ്യാർത്ഥിയുടെ പേര് :

രജി. നമ്പർ :

ഫാക്കൽറ്റി :

ഗവേഷണ ശീർഷകം : അദ്ധ്യയന വർഷം:

നിർദ്ദേശങ്ങൾ :

---

തുടർച്ച......2

---

മാർഗദർശിയുടെ പേര്, ഒപ്പ്

മൂല്യനിർണയിതാവിന്റെ പേര്, ഒപ്പ്

അനുബന്ധം 5

# ഗവേഷണരൂപരേഖ പരിശോധന

ഗവേഷക വിദ്യാർത്ഥിയുടെ പേര് :

ഗവേഷണ വിഷയം :

ശീർഷകം സാധുവാണോ :

ഗവേഷണ വിഷയത്തിന് പുതുമായുണ്ടോ :

ഗവേഷണ സാധ്യത :

ഗവേഷണ രൂപരേഖ ശാസ്ത്രീയമാണോ :

രീതി ശാസ്ത്രത്തിന്റെ അനുയോജ്യത :

മാർഗദർശിയുടെ പേര് :

ഗവേഷക ഉപദേശകസമിതിയുടെ ശുപാർശ :

അനുബന്ധം 6

പി എച്ച്. ഡി. പുരോഗതി വിലയിരുത്തൽ

| ക്രമ നം. | പേര് | ഗവേഷണ ശീർഷകം | കുറിപ്പ് |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |
| 6. | | | |

ബാഹ്യപരിശോധകൻ     മാർഗദർശി     ഡയറക്ടർ